# MONTHLY RECOLLECTION FOR PRIESTS

(AT FORANE LEVEL)

Date : 04/07/2007

Theme : Present situation (economic, spiritual & cultural) of our families

## പ്രീ–കാന കോഴ്സ്

2007 ജൂലൈ

12, 13, 14, 15 & 26, 27, 28, 29

തിയതികളിൽ

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

Vol. XXXVI JULY 2007 No. 7

ഈ ലക്കത്തിൽ — പേജ്

| | |
|---|---|
| അഭിനന്ദനങ്ങൾ | 03 |
| പിതാവ് നമ്മോട് | 05 |
| പത്രാധിപക്കുറിപ്പ് | 07 |
| സർക്കുലർ | 08 |
| ചരിത്രവഴിയിൽ ചെറിയകടവ് സെന്റ് ജോസഫ്സ് ഇടവക | 21 |
| സെമിനാരി വാർത്തകൾ | 32 |
| ആശംസകൾ | 38 |
| "ചുമര് പണിത് ചിത്രമെഴുതിയവൻ" | 39 |

(For Private Circulation only)

ജൂബിലി വർഷചിന്തകൾ 45

ജൂബിലി പരിപാടികൾ - ജൂലായ് 46

Epoch - Making Events in the
Historic See of Cochin 49

Bible Apostolate 51

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി..... 52

ജൂബിലിവർഷ രൂപത വാർത്തകൾ 53

Bishop’s Engagements 54

Monthly Recollections - 2007 56

പ്രീ-കാന കോഴ്സ് 56


Light of Cochin

# അഭിനന്ദനങ്ങൾ



**ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിൽനിന്ന്**
**“Domestic Prelate” ബഹുമതി ലഭിച്ച**
**വികാരി ജനറൽ വെരി. റവ. മോൺ. പീറ്റർ തൈക്കൂട്ടത്തിലിന്**
**അഭിനന്ദനങ്ങൾ നേരുന്നു.**

**Blank**







പിതാവ് നമ്മോട്

# യുവജന ദിനം

**ജൂ**ലൈ 8-ാം തിയതി യുവജന ദിനമായി കത്തോലിക്ക തിരുസഭ ആചരിക്കുകയാണ്. "യുവത്വം ദൈവസ്നേഹത്തിനും പരസ്നേഹത്തിനും" എന്ന ആപ്തവാക്യമാണ് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ലോക യുവജനദിനത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. ഓരോ വ്യക്തിത്വത്തിന്റെയും ഊടും പാവുമായി ദൈവസ്നേഹവും പരസ്നേഹവും നിലകൊള്ളണമെന്നതു തന്നെയാണ് തിരുസഭ ആഗ്രഹിക്കുന്നതും, പ്രേരിപ്പിക്കുന്നതും.

ജീവിതത്തിന്റെ അർത്ഥവും ആഴവും തേടുക എന്നത് യുവാക്കളുടെ സ്വഭാവ സവിശേഷതയാണ്. ഈ അന്വേഷണത്വര തന്നെയാണ് അവരുടെ ഊർജ്ജത്തിന്റെ മികവും. ഈ അന്വേഷണത്തിൽ തണുപ്പൻ മട്ട് ഒട്ടും സ്വീകാര്യമല്ല. ശുഭാപ്തി വിശ്വാസത്തോടെ, ക്രിസ്തുവിന്റെ മൂല്യങ്ങളും, ആദർശങ്ങളും പേറുന്നവരായി പ്രതിബന്ധങ്ങളെ തരണം ചെയ്ത് മുന്നേറുവാൻ നാം ശക്തരാകണം.

സുപ്രസിദ്ധ ദൈവശാസ്ത്രകാരനായ വാൾട്ടർ കാസ്പർ പറയുന്നു: "പാപത്തിലൂടെ മനുഷ്യൻ ദൈവസ്നേഹത്തെ തിരസ്കരിക്കുകയും, സ്വാർത്ഥതയിലേക്കും, തോന്ന്യാസത്തിലേക്കും, സ്വന്തം താൽപര്യങ്ങളിലേക്കും തിരിയുകയും ചെയ്തിരിക്കുന്നു. തന്നിമിത്തം എല്ലാം തകർന്നു പോയിരിക്കുകയാണ്. മനുഷ്യർ തമ്മിലുള്ള സംഘട്ടനങ്ങൾ ഇതിന്റെ ഫലമാണ്. മനുഷ്യൻ തനിച്ചായിരിക്കുന്നുവെന്നത് മറ്റൊരു പരിണത ഫലവും. ഐക്യത്തിന്റെ സ്ഥാനത്ത് ഒറ്റപ്പെടലും അനുഭവപ്പെടുന്നു. എന്നാൽ തനിച്ചായിരിക്കുന്നവന്റെ ജീവിതം അർത്ഥശൂന്യമാണ്. എല്ലാറ്റിന്റെയും അടിസ്ഥാനമായ ദൈവസ്നേഹത്തിലേയ്ക്ക് തിരിയുമ്പോൾ ക്രമവും, സമാധാനവും, രക്ഷയും നാം കണ്ടെത്തുന്നു."

യുവത്വത്തിന്റെ തിളക്കത്തിൽ ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കേണ്ടതും, ഒപ്പം അടിസ്ഥാനമായ ദൈവസ്നേഹത്തിലേക്ക് തിരിയുവാനും അത് വഴി ജീവിതത്തിൽ ക്രമവും, സമാധാനവും രക്ഷയും കണ്ടെത്താനും, കെട്ടിപ്പടുക്കുവാനും ഒപ്പം സഹോദരനിലേക്ക് സ്നേഹത്തിന്റെ ചാലു കീറാനും സാധിക്കുന്നു.

ഇന്നിന്റെ സമൂഹത്തിൽ യുവത്വം ഒത്തിരി ഒത്തിരി വെല്ലുവിളികൾ നേരിടുന്നുണ്ട്. തൊഴിലില്ലായ്മ, സാമ്പത്തിക പരാധീനതകൾ-ഒക്കെ യുവത്വത്തെ കാര്യമായി ബാധിക്കുന്ന കാര്യങ്ങളാണ്. കത്തോലിക്കാ യുവജനസംഘടനകൾ പ്രത്യേകിച്ച് KCYM-ൽ പ്രവർത്തിക്കുക വഴിയായി ആത്മവിശ്വാസവും, കരുത്തുറ്റ നേതൃത്വശേഷിയും, ആശയവിനിമയ പാടവും, മാനുഷിക ബന്ധങ്ങളും, സംഘടിത ശ്രമവും, പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള ആർജ്ജവത്വവും ഒക്കെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നേടുന്നുണ്ട്. നമ്മുടെ യുവജന സംഘടനകൾ വഴിയായി, യുവതലമുറയ്ക്ക് തനിക്കു ചുറ്റുമുള്ള അവസ്ഥകളോട് ഇടപഴകിയും, വെല്ലുവിളിച്ചും ഏറ്റുമുട്ടിയുമാണ് മാനവവിഭവശേഷി രൂപപ്പെടുന്നതും അത് വഴി വ്യക്തിത്വം മിഴിവേകുന്നതുമായി മാറുന്നതും.

ജീവിതത്തിന് അർത്ഥം നൽകുന്ന ദൈവസ്നേഹത്തെ കണ്ടെടുക്കാനുള്ള സമയമാണ് യുവത്വം. വിശുദ്ധ അഗസ്റ്റീനോസ് ഒരിക്കൽ പറയുകയുണ്ടായി "ദൈവത്തെ സ്നേഹിക്കുക, അനന്തരം നിങ്ങൾക്കിഷ്ടമായത് പ്രവർത്തിക്കുക." നാം ഒരാളെ സ്നേഹിക്കുമ്പോൾ അയാൾക്ക് ഏറ്റം നന്മയായത് ചെയ്യാൻ ആഗ്രഹിക്കുന്നതുപോലെ, പാവപ്പെട്ടവരെയും, അനാഥരായവരെയും, നിരാലംബരായവരെയും സമൂഹത്തിൽ ഭ്രഷ്ട് കല്പിച്ചു പുറത്താക്കിയിരുന്നവരെയും ഒക്കെ സഹായിക്കുമ്പോൾ നാം ദൈവത്തെ തന്നെയാണ് സ്നേഹിക്കുന്നത്.

ദൈവസ്നേഹത്തിന്റെയും, പരസ്നേഹത്തിന്റെയും മാതൃകകളായി യുവാക്കൾ പരിലസിക്കട്ടെ. സഭയും, ക്രൈസ്തവികതയും വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ ദൈവസ്നേഹത്തിൽ നിന്ന് അകന്നു കഴിയുന്ന മക്കളെ ക്രിസ്തുവിലേക്ക് എടുത്തുയർത്താൻ യുവതലമുറയ്ക്ക് സാധിക്കട്ടെ. ക്രൈസ്തവികത എന്നാൽ സ്നേഹമാണ്. സ്നേഹത്തിൽ എന്നും നിലനില്ക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പിതാവ്

**✠ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

# ജൂബിലിവർഷം പാതിവഴി പിന്നിടുമ്പോൾ

**2007** ഫെബ്രുവരി 4ന്, ജനസഹസ്രങ്ങളെ സാക്ഷി നിറുത്തി കേന്ദ്രപ്രതിരോധവകുപ്പുമന്ത്രി ശ്രീ. എ.കെ. ആന്റണി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത ജൂബിലിവർഷം പാതിവഴി പിന്നിടുന്നു. ജൂബിലിചിന്ത രൂപതയുടെ എല്ലാ കോണുകളിലും എത്തിയിരിക്കുന്നു. രൂപതാ- ഇടവകതലങ്ങളിൽ വിവിധയിനം പദ്ധതികളിലൂടെ ജൂബിലി വർഷം മുന്നേറുമ്പോൾ തീർച്ചയായും അഭിമാനിക്കുവാൻ വകയുണ്ട്. ജൂബിലിവർഷ പരിപാടികളിലേയ്ക്ക് കണ്ണോടിക്കുമ്പോൾ, ജൂബിലിവർഷാചരണത്തിന്റെ ലക്ഷ്യം കൈമോശം വന്നിട്ടില്ലെന്നു കാണുവാൻ സാധിക്കും. ആത്മീയ - ഭൗതീകമണ്ഡലങ്ങളിൽ ഉണർവ്വും ഉത്തേജനവുമായി ജൂബിലിവർഷം മാറിയിരിക്കുന്നുവെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. അതെ, ജൂബിലിവർഷം, രൂപതയ്ക്ക് കാലത്തിന്റെ നിയോഗമാണ്, ദൈവനിയോഗമാണ്.

ഓരോ ഇടവകയും ഒരുമിച്ചുകൂടി നിശ്ചയിച്ച പരിപാടികളുമായി ജൂബിലിവർഷം ആചരിക്കുമ്പോൾ അജപാലനവർഷത്തിന്റെ സമഗ്രമായ, വ്യക്തമായ പ്ലാനിംഗ് ആണ് ദൃശ്യമാവുക. ഇതൊരു തുടക്കമാകണം. ജൂബിലിവർഷ സമാപനത്തോടുകൂടി അവസാനിക്കുവാൻ പാടില്ല. കാലേക്കൂട്ടി ഇടവകയുടെ ആവശ്യങ്ങൾ കണ്ടുള്ള അജപാലനപദ്ധതികൾക്ക് വരും വർഷങ്ങളിലും ഇടവകയിൽ പ്രവർത്തിക്കുന്ന പാസ്റ്ററൽ കൗൺസിലിന്റെ, ഭക്തസംഘടനകളുടെ, കുടുംബയൂണിറ്റുകളുടെ സഹകരണത്തോടുകൂടി രൂപം കൊടുക്കുവാൻ സാധിക്കണം. ഇടവകജീവിതം വൺമാൻ ഷോ ആകാതെ, കൂട്ടായ പ്രവർത്തനത്തിന്റെ വേദിയാകണം.

ഭൂതകാലസ്മരണ അയവിറക്കി തള്ളിവിടേണ്ട ഒന്നല്ല ജൂബിലിവർഷം. 450 വർഷത്തെ സുദീർഘമായപാരമ്പര്യം അവകാശപ്പെടുമ്പോഴും, കൊച്ചി രൂപതയ്ക്ക് നടക്കുവാൻ ഇനിയും ഏറെ ദൂരമുണ്ട്. രൂപതയുടെ സമഗ്രവികസനം ജീവിതവ്രതമാക്കി രൂപതയെ നയിക്കുന്ന അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിന്റെ ചൈതന്യം എല്ലാവരിലേയ്ക്കും വ്യാപിക്കേണ്ടിയിരിക്കുന്നു. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങളും അതിലേറെ സംഘടനകളും അതിലൂമേറെ ദരിദ്രരും ഉള്ള കൊച്ചി രൂപതയുടെ സമഗ്രവികസനത്തിനുവേണ്ടി രൂപം കൊടുത്തിട്ടുള്ള പദ്ധതികളുടെ വിലയിരുത്തലിന് ജൂബിലിവർഷം വേദിയാകണം.

പിന്തിരിഞ്ഞുനോക്കി പിഴച്ചുപോയ ചുവടുകളുണ്ടെങ്കിൽ, തിരുത്തുവാനുള്ള മനസ്സു കാണിക്കണം. ജൂബിലിവർഷം വലിയ ഒരു കുതിച്ചു ചാട്ടത്തിനുള്ള അവസരമാക്കി മാറ്റണം. അതിന് ഉണർന്നിരിക്കുന്ന ഇടവകകളും സംഘടനകളും വലിയ പ്രചോദനമാണ്. ജൂബിലിവർഷം രൂപതയ്ക്ക് ഒരുക്കത്തിന്റെ വർഷമാണ്. ആരെയും ഒതുക്കുവാനുള്ള വർഷമല്ല.

**എഡിറ്റർ**

# യുവജനദിനം 2007

## ജൂലൈ 8, ഞായർ

## കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സർക്കുലർ

വാത്സല്യമുള്ള യുവജനങ്ങളെ, വന്ദ്യ വൈദികരെ,
പ്രിയമുള്ള സഹോദരരേ,

യുവജനശുശ്രൂഷയുടെ മാനങ്ങൾക്കും രീതികൾക്കും ഉണർവ് പ്രദാനം ചെയ്തിരിക്കുകയാണ് യുവജനദിനാചരണങ്ങൾ. യുവജന പ്രേഷിതത്വത്തിന്റെ പ്രധാന ഘടകമായിത്തീർന്നിരിക്കുന്നു, ഈ സത്സംരംഭം. യുവജനങ്ങളുടെ ആത്മീയാനുഭവങ്ങൾക്കും തീരുമാനങ്ങൾക്കും പരിശീലനത്തിനും, സാക്ഷ്യത്തിനും, സാമൂഹിക രാഷ്ട്രീയ ഇടപെടലുകൾക്കും വലിയ പ്രചോദനമാണ് ആഗോള, ദേശീയ, പ്രാദേശീക തലങ്ങളിൽ നടക്കുന്ന ഈ ആഘോഷം.

1986 മുതൽ എല്ലാ ഓശാന ഞായറാഴ്ചയും ആചരിച്ചുവരുന്ന ലോകയുവജന ദിനവും, രണ്ടുവർഷത്തിലൊരിക്കൽ പരിശുദ്ധ പിതാവിനോടൊത്ത് എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള യുവജനങ്ങൾ പങ്കെടുക്കുന്ന ആഗോള യുവജന സംഗമവും സവിശേഷശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. 1985 യുവജനവർഷമായി പ്രഖ്യാപിച്ച ഐക്യരാഷ്ട്രസഭ 2000 മുതൽ ആഗസ്റ്റ് 12-ാം തീയതി അന്താരാഷ്ട്രയുവജനദിനം ആചരിച്ചുവരുന്നു. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12, ദേശീയ യുവജനദിനമായി ആചരിക്കുന്ന പതിവ് ഭാരതത്തിൽ തുടങ്ങിയിട്ടും അധികവർഷമായിട്ടില്ല. എന്നാൽ, ഇവയ്ക്കെല്ലാം മുമ്പ് കേരളത്തിൽ, യുവജനങ്ങളുടെ അഭ്യർത്ഥന മാനിച്ച് 1984 മുതൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ വി. തോമസ് അപ്പസ്തോലന്റെ തിരുനാൾദിനമായ ജൂലൈ 3 കഴിഞ്ഞുവരുന്ന ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്ന പാവന പാരമ്പര്യത്തിനു തുടക്കമിട്ടു. ഈ വർഷം ജൂലൈ 8-ന് ആചരിക്കുന്ന യുവജനദിനത്തിന്റെ ആശംസകൾ ആത്മാർത്ഥതയോടെ ഏവർക്കും നേരുന്നു.

യുവജനദിനങ്ങൾ സമുചിതമായി ആചരിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. യുവജനങ്ങളെ എല്ലാവരെയും ദൈവത്തിങ്കലേക്കും സഭയിലേക്കും രാഷ്ട്രത്തിലേക്കും കൂടുതൽ





അടുപ്പിക്കുവാൻ ഇവ ഉപകരിക്കുമെന്നത് തീർച്ചയാണ്. യുവജനങ്ങളെ സ്നേഹിക്കാനും അംഗീകരിക്കാനും അവരുടെ നന്മ ആവിഷ്കരിക്കാനും ഇതുപോലുള്ള ഏതൊരവസരവും നാം പ്രയോജനപ്പെടുത്തണം. അതുവഴി ഒരു യുവജന സൗഹൃദസഭയും രാഷ്ട്രവുമായി നമുക്ക് ഉത്തരോത്തരം വളരാൻ സാധിക്കും. നല്ല വിശ്വാസികളും ഉത്തമപൗരനിരയുമായി സർവ്വയുവജനങ്ങളെയും പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര തലങ്ങളിൽ രൂപീകരിക്കാനുള്ള ഏറ്റവും നല്ല അവസരങ്ങളാണ് ഇവ. തന്നെയുമല്ല, നമ്മുടെ യുവജനങ്ങളുടെ സർഗ്ഗാത്മകതയും ക്രിയാത്മകതയും സമർപ്പണസന്നദ്ധതയും കൊണ്ട് സഭയും രാഷ്ട്രവും കൂടുതൽ ധന്യമാവുകയും ചെയ്യും.

യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വ്യക്തികളെയും സംഘടനകളെയും സംരംഭങ്ങളെയും ഞാൻ സർവ്വാത്മനാ അനുമോദിക്കുന്നു. കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പേരിൽ ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. യുവജനങ്ങളോടൊപ്പം നിങ്ങൾ ആയിരിക്കുന്നതും ക്രിസ്തുവിനും സഭയ്ക്കും വേണ്ടി പ്രവർത്തിക്കുന്നതും ഏറെ ശ്ലാഘനീയ മാണ്. 'തങ്ങളുടെ യൗവ്വനം മുതൽ ദൈവത്തെ സേവിക്കുന്ന വരെ വാസ്തവത്തിൽ ദൈവം സവിശേഷമായ വിധത്തിൽ സ്നേഹിക്കുന്നു.' വി. തോമസ് അക്വിനാസിന്റെ ഈ ചിന്ത പങ്കുവെച്ചുകൊണ്ട് കേരളത്തിലെ യുവജനങ്ങൾ എല്ലാവരെയും ഞാൻ പ്രത്യേകമായി അനുമോദിക്കുന്നു. മനുഷ്യർക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തികളും ദൈവ സേവനമാണെന്നും, ദൈവസ്നേഹമാണ് അതിന് ലഭിക്കുന്ന പ്രതിഫലമെന്നും നിങ്ങൾക്കും ഉറച്ച ബോധ്യമുണ്ടായിരിക്കണം. വേണ്ടത്ര പ്രോത്സാഹനമോ, പിന്തുണയോ, അംഗീകാരമോ കിട്ടാതെ വരുമ്പോൾ നിങ്ങൾ നിരാശരാകരുത്. നിങ്ങളുടെ യുവത്വത്തിന് ശക്തിയും ആവേശവുമായി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം അത്രയധികമായി നിങ്ങളെ ഓരോരുത്തരെയും വ്യക്തിപരമായി സ്നേഹിക്കുന്നു. 'യുവജനമനസ്സുകൾക്ക് ശിക്ഷണം നൽകുക എന്നതിനേക്കാൾ ശ്രേഷ്ഠമായി എന്തുണ്ട്? യുവജനമനസ്സിന് സമ്യക്കായ രൂപം കൊടുക്കാൻ കഴിയുന്നവരെ സർവ്വചിത്രകാരന്മാരെക്കാളും ശില്പികളെക്കാളും താദൃശ്യരായ എല്ലാവരെയുംകാൾ ശ്രേഷ്ഠമായി ഞാൻ കരുതുന്നു.' വേദപാരംഗതനായ വിശുദ്ധ ജോൺ ക്രിസോസ്റ്റമിന്റേതാണ് ഈ വാക്കുകൾ. കേരളസഭയിൽ

യുവജനശിക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരേയും കേരളസഭയും മെത്രാൻ സമിതിയും കാണുന്നതും കരുതുന്നതും ഇങ്ങനെതന്നെയാണെന്ന് ഞാൻ തുറന്നു പറയുന്നു.

സ്നേഹമുള്ളവരേ, യുവജനങ്ങൾക്ക് വിശ്വാസപരിശീലനം നൽകി സമൂഹനിർമ്മിതിയിൽ സഭാത്മകമായി അവരെ പ്രാപ്തരാക്കുക എന്ന ദൗത്യം ഏതാനും ചില വ്യക്തികൾക്കും സംഘടനകൾക്കും മാത്രമായി നാം പരിമിതപ്പെടുത്തരുത്. തിരുസഭയിലെ സർവ്വരുടെയും വ്യക്തിപരവും കുടുംബപരവുമായ കൂട്ടുത്തരവാദിത്വമാണ് ഇത്. എല്ലാ ഇടവകകളുടെയും രൂപതകളുടെയും വ്യക്തിസഭകളുടെയും സംഘാതമായ ദൗത്യമാണിതെന്ന് സകലരെയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഈ സുവിശേഷ ധർമ്മത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച സ്വീകരിക്കാനും ബോദ്ധ്യങ്ങൾ ആർജിക്കാനും, സമർപ്പണസന്നദ്ധത സ്വായത്തമാക്കുവാനുമുള്ള അവസരമായാണ് യുവജനദിനാചരണങ്ങളെ നാം സമീപിക്കേണ്ടതും വിനിയോഗിക്കേണ്ടതും.

യുവജനദിനത്തെക്കുറിച്ചുള്ള ഏതൊരു ചിന്തയും സമാരംഭിക്കേണ്ടത് ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ജോൺ പോൾ രണ്ടാമന്റെ യുവജനദിനചിന്തയിൽനിന്നാണ്. 'യുവജനദിനം എന്നാൽ വളരെ കൃത്യമായി ഇതാണ്. യേശുക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിലൂടെ മാനവചരിത്രത്തിൽ പ്രവേശിച്ച ദൈവത്തെ കണ്ടുമുട്ടാനായി പോവുക എന്നതാണ്... നിങ്ങൾ ഓരോരുത്തരോടും പറയാൻ അവൻ ആഗ്രഹിക്കുന്നു, എന്നെ അനുഗമിക്കുക... എന്നെ അനുഗമിക്കുക; ഞാനാണ് വഴിയും സത്യവും ജീവനും.' യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനും അവന്റെ സ്നേഹം അനുഭവിക്കാനും എല്ലാ യുവജനങ്ങൾക്കും നാം അവസരം ഒരുക്കണം. അവന്റെ ദർശനങ്ങളിലും ചൈതന്യത്തിലും നിന്ന് ഒരിക്കലും വേർപിരിയാനാകാത്ത ഒരു ബന്ധം സ്ഥാപിക്കുവാൻ യുവജനങ്ങളെ സഹായിക്കുക എന്നതാകണം നമ്മുടെ ശുശ്രൂഷയുടെ പരമവും പ്രധാനവുമായ ലക്ഷ്യം. വ്യക്തിപരമായി, തീവ്രമായ ഒരു ക്രിസ്ത്വനുഭവം ഉണ്ടാകാനാണ് പ്രിയ യുവജനങ്ങളേ നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കേണ്ടതും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതും സജീവമായി പ്രവർത്തിക്കേണ്ടതും. നമ്മുടെ വീടുകളിലും ഇടവകകളിലും രൂപതകളിലും സംഘടനകളിലും സ്ഥാപിക്കാനും നിലനിർത്താനുമുള്ള സാഹചര്യങ്ങൾക്കും പരിശീലനങ്ങൾക്കുമാണ് മുൻഗണന നൽകേണ്ടത്. ഈ അനുഭവം യഥാർത്ഥ





ക്രിസ്തു ശിഷ്യരായി യുവജനങ്ങളെ രൂപപ്പെടുത്തും. സ്നേഹത്തിൽ പൂർണ്ണരാവുക, പൂർണ്ണരാവാൻ ശ്രമിക്കുക എന്ന സന്ദേശമാണ് തന്നെ അനുഗമിക്കുന്ന ഓരോ യുവാവിനോടും യുവതിയോടും അവിടുന്ന് പറയുന്നത്. തങ്ങളുടെ അനന്യവും അളക്കാനാവാത്തതുമായ സമ്പത്തിനെക്കുറിച്ച് ക്രിസ്തു അവരെ ബോധ്യപ്പെടുത്തും. ദരിദ്രർക്കായി ദാനം ചെയ്യാനുള്ളതാണ് ഈ സമ്പത്ത് എന്ന് തന്നെ സമീപിച്ച യുവാവിനെ പഠിപ്പിച്ചതുപോലെ (മത്തായി 19) ഓരോ യുവാവിനേയും യുവതിയേയും ദൈവരാജ്യത്തിനായി അർപ്പിതമാകാൻ ഇന്നും അവിടുന്ന് പ്രേരിപ്പിക്കുന്നു.

സഭയുടെ യുവജന ശുശ്രൂഷയ്ക്ക് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളാണ് എന്നും ഗതിവേഗവും ദിശാബോധവും പകരേണ്ടത്. ഈ സൂനഹദോസിന്റെ സമാപന സന്ദേശത്തിൽ 'നാളത്തെ സമൂഹത്തെ രൂപപ്പെടുത്തേണ്ടവർ' എന്നാണ് യുവജനങ്ങളെ പിതാക്കന്മാർ വിശേഷിപ്പിച്ചത്. 'മുൻതലമുറക്കാർ രൂപംകൊടുത്തതിലും മെച്ചപ്പെട്ട ഒരു ലോകത്തെ ഉത്സാഹപൂർവ്വം കെട്ടിപ്പടുക്കുക' എന്ന വലിയ ഉത്തരവാദിത്വമാണ് അവർ യുവജനങ്ങളെ ഏൽപ്പിച്ചത്. 'നവലോകനിർമ്മിതി' എന്നത് യുവജനശുശ്രൂഷയുടെ ആത്യന്തികലക്ഷ്യമായി ആവിഷ്കരിച്ചിരിക്കുന്ന ഈ സന്ദേശം നാമെല്ലാവരും അതർഹിക്കുന്ന ഗൗരവത്തിൽ ഉൾക്കൊള്ളണം. പ്രത്യേകിച്ച്, യുവജനപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർ ഈ സന്ദേശം സർവ്വാത്മനാ സ്വീകരിക്കണം. വി. ഗ്രന്ഥത്തിലെ 'പുതിയ ആകാശവും പുതിയ ഭൂമിയു'മാണ് കൂടുതൽ മെച്ചപ്പെട്ട ലോകം എന്നതുകൊണ്ട് സഭ ഉദ്ദേശിക്കുന്നത്. യേശുഭാഷയിലും സഭാപാരമ്പര്യത്തിലും ദൈവരാജ്യനിർമ്മിതിയാണിത്. 'സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനം' എന്നത് ആത്യന്തികലക്ഷ്യമായി നമ്മുടെ യുവജനപ്രസ്ഥാനത്തിന് 1978-ൽ പിതാക്കന്മാർ കൽപ്പിച്ചു നൽകിയത് ഈ ദർശനങ്ങളുടെ പിൻബലത്തിലാണ്. നന്മയുള്ള നവസമൂഹവും പുതുലോകവും രൂപപ്പെടുത്താനും സംരക്ഷിക്കാനും വേണ്ടി മുൻനിരയിൽ നിന്ന് പ്രവർത്തിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുക, പ്രേരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യമാണ് യുവജന ശുശ്രൂഷയിൽ നമ്മെ നയിക്കേണ്ടത്.

പലപ്പോഴും, വെറും ഭക്താഭ്യാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും, ക്യാമ്പുകളിലും സെമിനാറുകളിലും കൺവെൻഷനു

കളിലും ആഘോഷങ്ങളിലും നാം ഈ വലിയ ശുശ്രൂഷാമേഖലയെ പരിമിതപ്പെടുത്താറുണ്ട്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മേഖലകളിൽ ക്രിസ്തീയമായി സ്വാധീനം ചെലുത്താനും പ്രവർത്തിക്കാനുമുള്ള പരിശീലനവും അനുഭവവും ആത്മീയത യും സ്വായത്തമാക്കാനാണ് ഇവയെല്ലാം ഉപകരിക്കേണ്ടത്. സമൂഹത്തിൽ 'ഉപ്പും പുളിമാവുമായി' ഇടപഴകി, അലിഞ്ഞു ചേർന്ന് പ്രവർത്തനനിരതരാകാൻ ഇനിയും നാം ബഹുദൂരം യാത്ര ചെയ്യേണ്ടതുണ്ട്. പ. പിതാവ് അടുത്തിടെ ബ്രസീലിലെ യുവജനങ്ങൾക്കായി നൽകിയ സന്ദേശത്തിൽ ഈ ലക്ഷ്യം വളരെ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. യുവജനങ്ങൾ അതതു മേഖലകളിൽ ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളും അംഗീകരിച്ചു കൊണ്ട് ഒരുപടികൂടി കടന്ന് പ്രവർത്തനനിരതരാകാൻ അദ്ദേഹം അവരോട് ആഹ്വാനം ചെയ്തു. 'ഇതുമതി' എന്ന് നിങ്ങൾ ഒരിക്കലും പറയരുത്. ദൈവസ്നേഹം അനന്തമാണ്. നമ്മുടെ സഹോദരീസഹോദരങ്ങൾക്കായി കൂടുതൽ നന്മയും ധാരണ യും ഉണ്ടാകാനും, മാനവസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങ ളെക്കുറിച്ചു മാത്രമല്ല, നാം അധിവസിക്കുന്ന പരിസ്ഥിതിയെ കാര്യക്ഷമമായി സംരക്ഷിക്കാനും നിലനിർത്താനും ഇടം കിട്ടത്തക്കവിധത്തിൽ നമ്മുടെ ഹൃദയങ്ങളെ കൂടുതൽ വിസ്തൃത മായി തുറക്കാനും ദൈവം നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

കേരളത്തിലെ ഇപ്പോഴത്തെ സവിശേഷമായ സാഹചര്യത്തിൽ ഈ സന്ദേശത്തിന് വിപ്ലവാത്മകമായ പ്രാധാന്യമാണുള്ളത്. പനി, ചിക്കുൻഗുനിയ, ഡങ്കിപ്പനി എന്നിവ പടർന്നുപിടിച്ചുകൊണ്ടിരി ക്കുകയാണ്. മാലിന്യങ്ങൾ ശേഖരിക്കുന്നതിലും സംസ്കരിക്കു ന്നതിലും പരിസരം ശുചിയായി സൂക്ഷിക്കുന്നതിലും കുറ്റകരമായ വീഴ്ചയാണ് നമുക്കുള്ളത്. പരിസ്ഥിതിയിലുള്ള അനധികൃത മായ കയ്യേറ്റം, ജലമലിനീകരണം, പ്ലാസ്റ്റിക് ഉപയോഗം മുതലായവ നമ്മെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മാലിന്യങ്ങളുടെ കുമ്പാരമായി മാറിക്കൊണ്ടിരിക്കുന്നു നമ്മുടെ നഗരങ്ങളും നാട്ടിൻപുറങ്ങളും. മാലിന്യനിയന്ത്രണ ബോർഡിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിയന്ത്രിക്കാനാവുന്നതിലപ്പുറ ത്തേയ്ക്ക് എത്തി കാര്യങ്ങൾ. എന്തിനേറെ സൈന്യത്തെ ഇറക്കേണ്ട അവസ്ഥാവിശേഷം കേരളത്തിൽ സംജാതമായി. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽനിന്നു മാത്രം പ്രതിദിനം 188 ടൺ ഖരമാലിന്യവും 187.5 ലക്ഷം ലിറ്റർ മലിനജലവും





ഉണ്ടാകുന്നു. പ്രതിദിനം 1,80,00,000 കിലോഗ്രാം മാലിന്യമാണ് സമുദ്രത്തിലേയ്ക്ക് ഒഴുകിയെത്തുന്നത്. കൊതുകുമൂലം കൊച്ചി മാത്രമല്ല കേരളമാകെ നരകിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെയാണ് നാം ഉണർന്ന് പ്രവർത്തിക്കേണ്ടത്. പ്രകൃതി നമ്മുടെ വീടാണ്. വലിയ തറവാട്. ഇതിനെ ശുചിയായി സംരക്ഷി ക്കാനും തലമുറകളിലേയ്ക്ക് കൈമാറാനും നമുക്കു ദൈവദത്ത മായ കടമയുണ്ട്. 'മനുഷ്യന്റെ സഹതാപം അയൽക്കാരോടാണ്; എന്നാൽ, കർത്താവ് സകല ജീവജാലങ്ങളോടും ആർദ്രത കാണിക്കുന്നു' (പ്രഭാ. 17-13). പ്രകൃതിയുടെ സന്തുലനം നില നിർത്താൻ വ്യക്തിപരമായും കുടുംബപരമായും സാമൂഹിക മായും നാം ജാഗ്രത പുലർത്തണം. സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും പ്രകൃതിസംരക്ഷണ, ശുചിത്വ പ്രവർത്തന ങ്ങൾക്ക് നാം പരിപൂർണ്ണ പിന്തുണയും പങ്കാളിത്തവും നൽകണം. നമ്മുടെ യുവജനപ്രസ്ഥാനം ഈ വർഷം ഊന്നൽ കൊടുക്കുന്ന പ്രധാന മേഖലയാണിത്. സാമൂഹിക ശുചിത്വവർഷമായാണ് കെ.സി.വൈ.എം. ഈ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. കഴിഞ്ഞ ഡിസംബർ മാസം കേരളത്തിന്റെ സുവർണ്ണ ജൂബിലി കൊല്ലത്ത് ആചരിച്ചപ്പോൾ 'മാലിന്യവിമുക്ത മലയാളനാട്' എന്ന വിലയ പദ്ധതിക്ക് യുവജനങ്ങൾ തുടക്കമിട്ടു. കൊല്ലം ടൗണിൽ 20 ഗ്രൂപ്പു കളായി തിരിഞ്ഞ് ആയിരത്തോളം കെ.സി.വൈ.എം. പ്രവർത്ത കർ അർദ്ധദിന ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെട്ടു. തന്നെയുമല്ല, കെ.സി.വൈ.എം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സത്സംഗമ ത്തിനും 2004 മുതൽ രൂപം കൊടുത്തിട്ടുണ്ട്. വീട്, VEEDU (Volunteers for Ecological Equilibrium and for Development Unity) എന്ന സംഘടന പരിസ്ഥിതിസന്തുലന ത്തിലധിഷ്ഠിതമായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നില കൊള്ളുന്നു. ഈ കൂട്ടായ്മയിൽ നമ്മുടെ എല്ലാ യുവജനങ്ങളും പങ്കുകൊള്ളണമെന്നും മറ്റുള്ളവർ പിന്തുണ നൽകണമെന്നും ഞാൻ പ്രത്യേകമായി ആവശ്യപ്പെടുകയാണ്.

കൗൺസിൽ പിതാക്കന്മാർ യുവജനങ്ങളെ ചിത്രീകരിച്ചിരി ക്കുന്നതും നിർവചിച്ചിരിക്കുന്നതും എത്ര വിശിഷ്ടമായാണ്! ആരാണ് യുവജനം? ഈ ചോദ്യത്തിന് സഭ നൽകിയ മറുപടി ശ്രദ്ധിക്കുക. 'സഭയുടെ പ്രത്യാശയാണ് യുവജനം' (GE 2). സഭാ തനയരായ നാമെല്ലാവരിലും രൂഢമൂലമാകേണ്ടത് ഈ പ്രത്യാശ യാണ്. യുവജനങ്ങളെയോർത്ത് നാമൊരിക്കലും നിരാശരാകരുത്.

ലോകത്തിലും സഭയിലും മുതിർന്നവരിലും നേതാക്കളിലും പൂർണ്ണതയുടെ മാതൃക ലഭിക്കാതെ വരുമ്പോൾ പ്രിയ യുവജന ങ്ങളേ നിങ്ങളും നിരാശരാകരുത്. 'നിങ്ങളുടെ മാതാപിതാക്കളിൽ നിന്നും ഗുരുക്കന്മാരിൽനിന്നും ഏറ്റവും നല്ലതായിട്ടുള്ളത് മാത്രം കണ്ടുപഠിക്കുക' എന്നാണ് 42 വർഷംമുമ്പ് കൗൺസിൽ നിങ്ങളോട് ആവശ്യപ്പെട്ടത്.

യുവജനശുശ്രൂഷയുടെ ഭാഷയും വീക്ഷണവും പ്രത്യാശ യുടേതായിരിക്കണം. യുവജനങ്ങളിൽ ഒത്തിരിപേർ ഒരുപാട് കാരണങ്ങളാൽ ഇന്ന് നിരാശരാണ്. ഈ യുവജനങ്ങളെ യേശുവിനെപ്പോലെ പ്രത്യാശയുടെ പ്രവാചകരാക്കാൻ എങ്ങനെയാണ് നമുക്കു സാധിക്കുക. അതിനും കൗൺസിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 'യുവജനങ്ങളുടെയിടയിൽ മുഖ്യമായും നേരിട്ടും പ്രേഷിത പ്രവർത്തനം നടത്തേണ്ടത് യുവജനങ്ങളാണ് (AA 12). മാർപാപ്പ പറയുന്നത് ശ്രദ്ധിക്കുക: 'ഇടയനില്ലാത്ത ആടുകളെപ്പോലെ ഈ ലോകത്തിൽ അലഞ്ഞു തിരിയുന്ന യുവതികളെയും യുവാക്കളെയും സുവിശേഷവൽക്കരി ക്കുക എന്ന മഹത്തായ ദൗത്യവുമായി ഞാൻ നിങ്ങളെ പറഞ്ഞ യക്കുന്നു. നിങ്ങൾ യുവത്വത്തിന്റെ അപ്പസ്തോലന്മാരാകുക. നിങ്ങൾക്കുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും അതേ അനുഭവം അവർക്കും ഉണ്ടാകാനും; യേശുവിനെ കണ്ടുമുട്ടി സത്യമായും അവർ സ്നേഹിക്കപ്പെടുന്നു, അംഗീകരിക്കപ്പെടുന്നു എന്നു അനുഭവിക്കാനും; അവരിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മുഴുവൻ സാദ്ധ്യതകളും സാക്ഷാത്ക്കരിക്കാൻ ശക്തിയുള്ളവരായിത്തീരാനും, നിങ്ങളോടൊപ്പം സഞ്ചരിക്കാൻ അവരെ ക്ഷണിക്കുക.' സർവ്വയുവജനങ്ങളെയും സുവിശേഷ ദീപ്തിയാൽ പ്രകാശിപ്പിക്കണമെങ്കിൽ പുളിമാവ് എന്നതു പോലെ സമഗ്രമായി വളർന്ന യുവജനങ്ങളുടെ വ്യക്തിപരവും സംഘാതവുമായ സാക്ഷ്യം ഉണ്ടാകണം.

ഈ സംരംഭത്തിൽ യുവജനസംഘടനകളുടെ പ്രാധാന്യ വും പ്രസക്തിയും കൗൺസിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. 'അൽമായ ഗ്രൂപ്പുകളും സംഘടനകളും അതാതിന്റെ ലക്ഷ്യത്തിനും രീതിക്കും ചേർന്ന വിധത്തിൽ പ്രേഷിതത്വ പരിശീലനത്തെ നിരന്തരം ശ്രദ്ധാപൂർവ്വം വളർത്തികൊണ്ടിരിക്കണം. പലപ്പോഴും ഈ സംഘങ്ങളാണ് സമഗ്രമായ പരിശീലനത്തിന് ചേർന്ന സാമാ ന്യോപകരണങ്ങളായിരിക്കുന്നത്. കാരണം, ഇവ സിദ്ധാന്തപരവും





ആദ്ധ്യാത്മികവും പ്രായോഗികവുമായ പരിശീലനം അംഗങ്ങൾക്കു നൽകുന്നതാണ്.' (AA 30) യുവജനപ്രസ്ഥാനങ്ങളുടെ വില നാം ഒരിക്കലും കുറച്ചുകാണരുത്. നമ്മുടെ ഇടവകകളിൽ കെ.സി. വൈ.എം. ഇല്ലെങ്കിൽ അത് തുടങ്ങാനും വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകി വളർത്താനും എല്ലാവരും സന്മനസ്സ് കാണി ക്കണം. അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഭദ്രത പാരീഷ് കൗൺസിൽ ഉറപ്പുവരുത്തണം. 12-ാം ക്ലാസ്സ് വരെ യുള്ള മതബോധനത്തിന് കൊടുക്കുന്ന അതേ പ്രാധാന്യമോ, അതിലുപരി പ്രാധാന്യമോ യുവജന സംഘടനകളിലൂടെ നടക്കുന്ന വിശ്വാസപരിശീലനത്തിന് നാം കൊടുക്കണം. സംഘടനകളുടെ ബാഹുല്യവും, അഭിപ്രായവ്യത്യാസങ്ങളും നമ്മെ നിരാശരാ ക്കുന്നുണ്ടാകാം. അത് പരിഹരിക്കാനായി യുവജന ക്ഷേമപ്രവർത്ത നങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടന കളുടെ ഒരു സംയുക്ത സമിതി ആവിഷ്കരിക്കുവാൻ യുവജന കമ്മീഷൻ ശ്രദ്ധിക്കുന്നുണ്ട്. അതിനു മുന്നോടിയായി കത്തോലിക്കാ യുവജന സംഘടനകളുടെ ഭാരവഹികളുടെ ഒരു യോഗം വിളിച്ചു കൂട്ടാൻ സി.എൽ.സി., സി.എം.എൽ., AICUF, ജീസസ് യൂത്ത്, KCSL എന്നീ സംഘടന കളോടുകൂടി കെ.സി.വൈ.എം. മുൻകൈ എടുക്കുകയുണ്ടായി. അതുപോലെ തന്നെ കഴിഞ്ഞ വർഷം കേരളത്തിലെ വിവിധ സഭകളിൽപ്പെട്ട യുവജന സംഘടനകളുടെ ഒരു സംയുക്ത സംരം ഭത്തിനും കെ.സി.വൈ.എം. തുടക്കം കുറിച്ചിട്ടുണ്ട്. ഭാവിയിൽ ദൈവവിശ്വാസികളും മനുഷ്യസ്നേഹികളുമായ യുവ പൗരരുടെ ഒരു മുന്നേറ്റത്തിനും നമ്മുടെ യുവജനപ്രസ്ഥാനം നേതൃത്വം നൽകുമെന്നും നമുക്ക് പ്രത്യാശിക്കാം.

ക്രൈസ്തവ വിദ്യാഭ്യാസത്തിലൂടെയാണ് യുവജന പരിശീലനം നടത്തേണ്ടത് എന്നാണ് കൗൺസിൽ വീക്ഷണം. ക്രൈസ്തവ വിദ്യാഭ്യാസം ലഭിക്കാൻ യുവത്വത്തിനുള്ള അവകാശത്തെക്കുറിച്ച് പഠിപ്പിച്ച കൗൺസിൽ ഈ വിദ്യാഭ്യാസ ത്തിന്റെ ലക്ഷ്യമായി സൂചിപ്പിക്കുന്നത് 'ലോകത്തെ ക്രൈസ്തവമായ രീതിയിൽ പരിവർത്തനം ചെയ്യിക്കുന്നതിൽ സഹായിക്കുവാനായി പരിശീലിക്കണം' (GE 12) എന്നതാണ്. കൗൺസിൽ പിതാക്കന്മാർ യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 'എല്ലാറ്റി ലുപരിയായി എല്ലാ സാമൂഹ്യനിലയിലുംപെട്ട യുവജനത്തിന് ശരിയായ വിദ്യാഭ്യാസം നൽകേണ്ടതാണ്. എങ്കിൽ മാത്രമേ

സവിശേഷ കഴിവുള്ള വരും വിശാലമനസ്കരുമായ യുവതീ യുവാക്കൾ വർദ്ധിച്ചു വരുകയുള്ളൂ. ഇങ്ങനെയുള്ള വ്യക്തിക ളെയാണ് ഇന്ന് കൂടുതൽ ആവശ്യമായിരിക്കുന്നതും' (GE 31). സഭ വിദ്യാഭ്യാസസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നതിന്റെ സാംഗ ത്യവും ലക്ഷ്യവും ഇതുതന്നെയാണ്.

നമ്മുടെ യുവനജന ശുശ്രൂഷ നാളിതുവരെ മുഖ്യമായും ഇടവക കേന്ദ്രീകൃതമായിരുന്നു. പക്ഷേ, മാറിയ സാഹചര്യ ങ്ങളിൽ വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും മേഖലകളി ലേക്ക് നാം കൂടുതൽ എത്തിപ്പെടണം. ഇടവകകളിലേതു കൂടുതൽ സജീവമാക്കുകയും ചെയ്യണം. പ്രിയ യുവജനങ്ങളേ, സഭ നിങ്ങളുടെ വിദ്യാഭ്യാസത്തിൽ എത്രയോ ശ്രദ്ധാലുവാണ്. വെല്ലുവിളികളും ആക്ഷേപങ്ങളും അതിജീവിച്ചു മുന്നേറുന്നതുതന്നെ നിങ്ങളുടെ വിദ്യാഭ്യാസത്തെപ്രതിയാണ്. സേവനമേഖലയിൽ നിന്ന് സർക്കാർ പിന്മാറാൻ ശ്രമിക്കുമ്പോഴും സാമൂഹിക നീതിക്കുവേണ്ടി നിർലോഭമായ സംഭാവന ചെയ്യുന്നത് സഭയാണ്. നിങ്ങൾക്ക് ഉന്നതമായ തൊഴിൽസാദ്ധ്യതകൾ തുറക്കാനാണ്, ആരും മുതിരാത്ത മേഖലയിൽ സഭ വെല്ലുവിളികൾ ഏറ്റെടുത്ത് മുതൽമുടക്കിയിരിക്കുന്നത്. ജനാധിപത്യ സംവിധാനത്തിൽ നിയമാനുസൃതമായി സേവനം ചെയ്യുമ്പോഴും രാഷ്ട്രീയപ്രേരിത മായി സഭയ്ക്ക് എതിരേ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ കേട്ട് നിങ്ങൾ തെറ്റിദ്ധരിക്കരുത്. സഭയ്ക്ക് സ്കൂളുകളും കോളേജു കളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ലായിരുന്നെങ്കിൽ നമ്മിൽ എത്രപേർക്ക് പഠിക്കാൻ സാധിക്കുമായിരുന്നു? ജോലി ലഭിക്കുമായിരുന്നു? മലയാളികളിൽ എത്രപേർക്ക് ഇവിടംവരെ എത്താനാകുമായിരുന്നു? വസ്തുനിഷ്ഠമായി കേരളജനതയെ ഇവ ബോധ്യപ്പെടുത്താനുള്ള കടമയും നിങ്ങൾക്കുണ്ട്. വിദ്യാഭ്യാസ മേഖലയിൽ അനീതിയും അഴിമതിയും അക്രമവും നിങ്ങൾ നഖശിഖാന്തം എതിർക്കണം.

പൊതുവിദ്യാഭ്യാസം തദ്ദേശ സ്വയംഭരണത്തിനു കീഴിൽ കൊണ്ടുവരിക, ഏകജാലക സംവിധാനം പ്ലസ് ടു സ്കൂളുകളിൽ ഏർപ്പെടുത്തുക, വികലമായ കൗമാര വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കുക, കരിക്കുലം കമ്മിറ്റികളിൽ വിശ്വാസ, മത നിഷേധ സമീപനങ്ങൾ സ്വീകരിക്കുക. സ്കൂൾ അസംബ്ലി ഇല്ലാതാക്കുക മുതലായ ഭരണപരിഷ്ക്കാരങ്ങളിലെ സ്ഥാപിത





താൽപ്പര്യങ്ങൾ നാം തിരിച്ചറിയണം. ദൈവികവും മാനവികവു മായ മൂല്യങ്ങളിൽ അധിഷ്ഠിതമായി നാം രൂപം കൊടുത്തു വന്ന സമഗ്രമായ വിദ്യാഭ്യാസ സംസ്കാരത്തിന് ഭീഷണിയായേ ഈ തീരുമാനങ്ങളെ നമുക്കു കാണാനാകൂ. യുവജനങ്ങളെ ദൈവത്തിൽനിന്നും മതവിശ്വാസത്തിൽനിന്നും അകറ്റി ഈശ്വര നിഷേധികളാക്കാനുള്ള ബോധപൂർവ്വകമായ ഒരു സമാന്തര വിദ്യാഭ്യാസ പദ്ധതി നിരീശ്വരാധിഷ്ഠിതമായ രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളുടെ പിൻബലത്തിൽ മാദ്ധ്യമങ്ങളിലൂടെ ശക്ത മായി വിളമ്പുന്നുണ്ട്. ക്രിസ്തുശിഷ്യരെ കൊള്ളക്കാരായി ചിത്രീകരിച്ച് ചിതറിക്കാനുള്ള തന്ത്രത്തിൽ നമ്മുടെ യുവജന ങ്ങൾ കുടുങ്ങാതിരിക്കാൻ മാതാപിതാക്കളും കുടുംബാംഗങ്ങളും ഇടവകജനങ്ങളും പ്രത്യേകം ശ്രദ്ധ പുലർത്തണം. ന്യൂനപക്ഷ അവകാശ ധ്വംസനമുണ്ടായപ്പോൾ സഭയോടൊത്ത് ഉണർന്നു പ്രവർത്തിച്ച നമ്മുടെ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകരെ നന്ദിപൂർവ്വം അനുമോദിക്കുന്നു. ആലപ്പുഴ, പാല കൺവെൻഷനു കളും കൊല്ലത്ത് കാൽലക്ഷത്തിലധികം പേരെ പങ്കെടുപ്പിച്ച് നടത്തിയ റാലിയും മറ്റും പ്രത്യേകം ശ്രദ്ധേയമായി.

വിദ്യാഭ്യാസത്തിന്റെ രണ്ടു മേഖലകളിൽ നാം ശ്രദ്ധ പതിപ്പി ക്കേണ്ടതുണ്ട്. 'രാഷ്ട്രീയബോധമുള്ള പൗരസഞ്ചയത്തെ വാർത്തെടുക്കാൻ അതീവ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ജന സാമാന്യത്തിന് ഈ രാഷ്ട്രീയ പൗരവിദ്യാഭ്യാസം അത്യന്താ പേക്ഷിതമായിരിക്കുകയാണ്; പ്രത്യേകിച്ച് യുവതലമുറയ്ക്ക്' (GS 75). ജനാധിപത്യത്തിന്റെ നാലു മേഖലകളിലും നാം നമ്മുടെ യുവജനങ്ങൾക്ക് സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ അധിഷ്ഠിതമായി പ്രായോഗികവും ആശയപരവുമായ ശിക്ഷണം നൽകേണ്ടതുണ്ട്. നിയമനിർമ്മാണ, കാര്യനിർവ്വഹണ, നീതിന്യായ, മാദ്ധ്യമമേഖലകളിൽ ക്രൈസ്തവമായി ഇടപെടാ നുള്ള പരിശീലനം കൊടുക്കാൻ നമ്മുടെ യുവജന പ്രസ്ഥാന ങ്ങളിലൂടെ ശ്രദ്ധിക്കണം. പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തി ക്കാനും, സാമൂഹിക തിന്മകൾക്കെതിരേ ശക്തമായി ആഞ്ഞ ടിക്കാനും പൊതുജനാഭിപ്രായം രൂപപ്പെടുത്താനും സന്തുലി തമായ വികസനത്തിൽ സഹകാരികളാകാനും വിവേകപൂർവ്വം അവസരങ്ങളൊരുക്കണം. കെ.സി.വൈ.എം. ഇപ്രാവശ്യം

എടുത്തിരിക്കുന്ന മറ്റൊരു ഊന്നൽ മേഖല 'ഗ്രാമസഭ' എന്നതാണ്. ഗാന്ധിയൻ ഗ്രാമസ്വരാജ് ദർശനത്തിൽ ഉടലെടുത്ത ഈ അടിസ്ഥാന രാഷ്ട്രീയ പ്രക്രിയയിൽ നമ്മുടെ യുവജനങ്ങൾ ക്രിസ്തീയവും ക്രിയാത്മകവുമായി പങ്കുചേരുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ദൈവാലയത്തിനും, വിദ്യാലയത്തിനും, വൈദ്യാലയത്തിനും എതിരേ നിരന്തരഭീഷണികൾ ഉയരുമ്പോഴും മദ്യാലയങ്ങൾക്ക് സംരക്ഷണ മതിലുകൾ കെട്ടിപ്പൊക്കുമ്പോഴും ക്രിസ്തുവിനെപ്പോലെ പ്രതികരിക്കുവാൻ പ്രിയ യുവജനങ്ങളെ നിങ്ങൾക്ക് കടമയുണ്ട്.

മറ്റൊരു മേഖല മാദ്ധ്യമങ്ങളുടേതാണ്. സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കി 'ഉന്നതമായ മന:സംസ്കാരവും മാന്യമായ വിനോദവും പ്രദാനം ചെയ്യുന്ന പ്രസിദ്ധീകരണങ്ങളാണ് അവർക്കാവശ്യം' എന്ന് കൗൺസിൽ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട് (IM - 11). സാമൂഹ്യമാദ്ധ്യമങ്ങൾ എന്ന ഡിക്രിയിൽ എവിടെയെല്ലാം സൂക്ഷ്മതയും മുൻകരുതലും വേണമെന്നുപറയുന്നുണ്ടോ അവിടെയെല്ലാം 'പ്രത്യേകിച്ച് യുവജനങ്ങൾ' എന്ന് ഉപയോഗിച്ചിട്ടുണ്ട്. ആധുനികമായി ഈ മേഖലയിൽ വന്നിട്ടുള്ള ഭീമമായ മാറ്റങ്ങളെ ഉൾക്കൊണ്ട് യുവജനങ്ങൾക്ക് മാധ്യമവിദ്യാഭ്യാസം നൽകണം. മാധ്യമങ്ങളുടെ ദുരുപയോഗം തടയണം. മാധ്യമ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. പ്രത്യേകിച്ച് നമ്മുടെ പരിശീലനങ്ങളിലും മറ്റും ഇലക്ട്രോണിക് മാധ്യമങ്ങളുടെ സഹായം വർദ്ധമാനമായ ഫലം ഉളവാക്കും. മാധ്യമമേഖലയിൽ പ്രവർത്തിക്കാൻ ബോധപൂർവ്വം യുവജനങ്ങളെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യണം. കച്ചവടാധിഷ്ഠിതമായി രാഷ്ട്രീയപിൻബലത്തോടെ പ്രവർത്തിക്കുന്ന സമ്പർക്കമാധ്യമങ്ങൾ കമ്പോളമൂല്യങ്ങളും വ്യക്തിപൂജയും ഈശ്വരനിഷേധവും മതസഹിഷ്ണുതയില്ലായ്മയുമാണ് ഉന്നംവയ്ക്കുന്നത്. കുറ്റകൃത്യങ്ങളും ആഡംബരഭ്രമവും, ധൂർത്തും, ആഭരണഭ്രമവും, കാമാസക്തിയും പ്രത്യക്ഷമായും പരോക്ഷമായും ഇവ പ്രോത്സഹിപ്പിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയണം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ യുവജനശുശ്രൂഷാ തത്വങ്ങളാണ് നാം മനസ്സിലാക്കാൻ ശ്രമിച്ചത്. ഈ ദർശനങ്ങ





ളുടെ വെളിച്ചത്തിൽ യുവജനശുശ്രൂഷയ്ക്ക് പ്രാധാന്യം കൊടുത്ത പാരമ്പര്യമാണ് കേരളസഭയ്ക്കുള്ളത്. 1973-ൽ നിലവിൽ വന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷൻ 5 വർഷംകൊണ്ട് ശക്തമായൊരു യുവജനപ്രസ്ഥാനത്തിന് രൂപംകൊടുത്തു. 2007 ഡിസംബർ 28ന് കെ.സി.വൈ.എം. മുപ്പതാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. പേൾ ജൂബിലി ഉദ്ഘാടനം തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ സംസ്ഥാന കൺവെൻഷനോടുകൂടി നടത്താനുള്ള വിപുലമായ ഒരുക്കങ്ങൾ നടന്നുവരികയാണ്. ഇക്കഴിഞ്ഞ 29 വർഷങ്ങളിലും സഭയിലും സമൂഹത്തിലും സ്തുത്യർഹമായ സേവനമാണ് കെ.സി.വൈ.എം. കാഴ്ചവച്ചത് എന്ന് എനിക്ക് സാക്ഷ്യപ്പെടുത്താനാകും. ഭാരവാഹികളെയും അജപാലകരെയും അനുമോദിക്കുകയും അവരുടെ ശ്രേഷ്ഠ ശുശ്രൂഷയ്ക്ക് നന്ദിയർപ്പിക്കുകയും ചെയ്യുന്നു. മലയാറ്റൂരിൽ പതിനായിരത്തോളം യുവജനങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ ലോകയുവജനദിനം ശ്രദ്ധേയമായിരുന്നു. 'യുവജനം ദൈവസ്നേഹത്തിനും പരസ്നേഹത്തിനും' എന്ന അടിസ്ഥാന ദർശനത്തിലൂന്നി 'സ്നേഹദർശൻ ക്യാമ്പുകൾ' 29 രൂപതകളിലും നടന്നുവരുന്നു. കെ.സി.വൈ.എം.നെ നമ്മുടെ എല്ലാ ഇടവകകളിലും പ്രോത്സാഹിപ്പിക്കണം, വളർത്തണം, ശക്തിപ്പെടുത്തണം. കാലഘട്ടത്തിന്റെ ആവശ്യമായി നാമിതിനെ കാണണം. സഭയുടെ അസ്തിത്വവും സേവന സ്ഥാപനങ്ങളും സ്വത്തും സംരക്ഷിക്കാൻ നാം കടപ്പെട്ടവരാണ്. സഭയുടെ യഥാർത്ഥ സ്വത്ത് യുവജനങ്ങളാണെന്ന തിരിച്ചറിവ് തന്റെ അപ്പസ്തോലിക പ്രബോധനത്തിലൂടെ ദൈവദാസൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമുക്ക് നൽകിയിട്ടുണ്ട്. ഈ സ്വത്ത് സംരക്ഷിക്കാനും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്ക് ഉപയുക്തമാക്കാനുമാണ് ഈ യുവജനദിനം നമുക്ക് പ്രത്യാശയും ദിശാബോധവും നൽകേണ്ടത്. പ്രിയ സഹോദരീസഹോദരന്മാരേ 'ദൈവത്തിന് ആലയം നിർമ്മിച്ച സോളമന്റെ പ്രാർത്ഥനയ്ക്ക് അവിടുന്ന് നൽകിയ മറുപടി ഈ വാഗ്ദാനമാണ്. 'എന്റെ ഹൃദയപൂർവ്വകമായ കടാക്ഷം അവിടെയുണ്ടായിരിക്കും' (1 രാജാ. 9/3). 'ആത്മവിശ്വാസത്തോടും സ്നേഹത്തോടും കൂടിയാണ് സഭ നിങ്ങളെ നോക്കുന്നത്' എന്നതാണ് കൗൺസിൽ യുവജനങ്ങൾ ഉറപ്പു

നൽകിയത്. അനുദിനം, ഈ കടാക്ഷവും നോട്ടവും യുവജനങ്ങൾ അനുഭവിക്കേണ്ടത് നമ്മുടെ ഇടവക കൂട്ടായ്മകളിൽ നിന്നാണെന്ന സത്യം നാം വിസ്മരിക്കരുത്.

സ്നേഹമുള്ള യുജനങ്ങളേ ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ ഈ വാക്കുകൾ ഉള്ളിലേറ്റി നിങ്ങൾ പ്രവർത്തിക്കണമെന്ന് ഞാൻ ഏറെ ആഗ്രഹിക്കുന്നു. 'പ്രിയ യുവജനങ്ങളേ നിങ്ങൾ സഭയുടെയും മനുഷ്യവംശത്തിന്റെയും വെറും ഭാവി വാഗ്ദാനങ്ങൾ മാത്രമല്ല, നേരെമറിച്ച്, നിങ്ങൾ ഇപ്പോഴത്തെ യുവജനങ്ങളാണ്; ഇന്നത്തെ മനുഷ്യവംശത്തിലെയും സഭയിലെയും യുവത്വമാണ്. ക്രിസ്തുവിന്റെ യുവത്വം തുടിക്കുന്ന മുഖമാണ് നിങ്ങൾ. ക്രിസ്തീയ സമൂഹത്തിൽ വെളിപ്പെടുത്തപ്പെട്ട യേശുക്രിസ്തുവിന്റെ മുഖം ലോകത്തിന് വെളിപ്പെടുത്താൻ യുവത്വമുള്ളവരായി ഇന്ന് സഭയ്ക്ക് നിങ്ങളെ ആവശ്യമുണ്ട്. നിങ്ങളുടെ യുവത്വപൂർണ്ണമായ മുഖമില്ലാതെ സഭ സമൂഹമദ്ധ്യത്തിൽ വിരൂപയായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക.'

യേശുവിന്റെ യുവത്വമുള്ള മുഖം കേരള സഭയിൽ ആവിഷ്കരിക്കാൻ കെ.സിബി.സി. യൂത്ത് കമ്മീഷന് നൽകുന്ന എല്ലാ സഹായങ്ങൾക്കും വീണ്ടും ഞാൻ നന്ദിയർപ്പിക്കുന്നു. സഭയുടെ യുവജന ശുശ്രൂഷ ഫലപ്രദമായി നടത്താൻ പ്രാർത്ഥിക്കണമെന്നും തുടർന്നും സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. യുവജനദിനത്തിൽ ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തുന്ന പൊതുപിരിവിൽ കഴിയുന്നത്ര സംഭാവന നൽകണം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

നെയ്യാറ്റിൻകര **ബിഷപ്പ് വിൻസന്റ് സാമുവൽ**
14-06-2007 കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ

**കെ.സി.ബി.സി. യൂത്ത് കമ്മീഷൻ**

റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ (ചെയർമാൻ)
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് (വൈസ് ചെയർമാൻ)
മോസ്റ്റ് റവ. ഡോ. മാത്യു മുലേക്കാട്ട് (വൈസ് ചെയർമാൻ)





# ചരിത്രവഴിയിൽ ചെറിയകടവ് സെന്റ് ജോസഫ്സ് ഇടവക



**അല്ലേശ് ചക്കുങ്കൽ**

സുദീർഘമായ 500 വർഷത്തെ ക്രിസ്തുവിശ്വാസത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ നിന്നാണ് പശ്ചിമ കൊച്ചിയിലെ കടലോരഗ്രാമമായ ചെറിയകടവ് ഒരു ദേവാലയ കേന്ദ്രീകൃത സമൂഹമായി പരിണമിച്ചതിന്റെ ഇതൾ വിരിയുന്നത്. തലമുറകളായി കൈമാറിയ വിശ്വാസ ദീപത്തിന്റെ പ്രഭയും സമ്പന്നവും മഹത്തരവുമായ ഭൂതകാല സ്മരണകൾ ഉണർത്തുന്ന നമ്മുടെ ഇന്നലെകളിലേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടം. പരാമർശിക്കപ്പെടുന്ന ഭൂരിഭാഗം മഹത് വ്യക്തികളും ഇതിനകം മൺമറഞ്ഞുകഴിഞ്ഞു. എണ്ണിയാലൊടുങ്ങാത്ത കാലത്തിന്റെ ദിശാസന്ധികളെ തരണം ചെയ്ത് കെട്ടിപ്പടുത്തുയർത്തിയ ഇടവക ദേവാലയവും ഈ പുണ്യഭൂമിയും അവരുടെ സ്മാരകങ്ങൾ കൂടിയാണ്. മൺമറഞ്ഞ പൂർവ്വീകരുടെ സ്മരണയ്ക്ക് മുമ്പിൽ പ്രാർത്ഥനാമഞ്ജരികൾ അർപ്പിച്ചുകൊണ്ട് ഇടവക ചരിത്രത്തിന്റെ നാൾ വഴികളിലേയ്ക്കും നേർകാഴ്ചയിലേയ്ക്കും കടക്കാം. പഴയ കാര്യങ്ങൾ അറിയുന്നതിനും പുതിയ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും എല്ലാ മുൻവിധികളെയും മാറ്റി നിർത്താം. ഇത് യാത്രയാണ്. എല്ലാ തച്ചുടയ്ക്കുന്ന പ്രകൃതി നിയമത്തിന്റെ പുതിയ പാഠങ്ങൾ ഉൾക്കൊണ്ട യാത്ര........!

ചെറിയകടവ് ഉൾപ്പെട്ടിരുന്ന മുണ്ടംവേലി ഇടവക ധനസമൃദ്ധിയും ജനബാഹുല്യവുമുള്ള ഒരു ഇടവകയായിരുന്നു. നസ്രത്തുപള്ളിയുടെ തെക്കേ അതിർത്തി മുതൽ ചെല്ലാനം പള്ളിയുടെ വടക്കേ അതിർത്തിവരെ ഏതാണ്ട് 12 കി.മീ. നീളവും 5 കി.മീ. വീതിയും ഉള്ള വിസ്താരമേറിയ ഒരിടവകയായിരുന്നു അത്. കടൽ ഇന്നു കാണുന്നതിൽനിന്നും നാലഞ്ചു കിലോമീറ്റർ പടിഞ്ഞാറായിരുന്നു. ഇത്ര വിസ്തൃതമായ

മൂണ്ടംവേലി ഇടവകയുടെ അതിരിനുള്ളിൽ ധാരാളം പാടവും ചിറയും തോടും ഉണ്ടായിരുന്നതിനാൽ യാത്ര സൗകര്യം തീരെ കുറവായിരുന്നു. 1868-ൽ നിർമ്മിച്ച നിലവിലുള്ള മുണ്ടംവേലി പ്പള്ളി അഞ്ചാമത്തെ പള്ളിയാണ്. നാലാമത്തെ പള്ളിയുടെ സ്ഥലത്താണ് ഇപ്പോൾ സിമിത്തേരി നിലകൊള്ളുന്നത്. പ്രാചീന മുണ്ടംവേലിയുടെ തെക്കുഭാഗത്ത്, കണ്ണമാലിയിൽ 1845-ൽ ആദ്യ പള്ളിസ്ഥാപിച്ചു. 1873-ൽ മുണ്ടംവേലിയിൽ നിന്ന് പിരിഞ്ഞ് കണ്ണമാലി ഇടവകയായി. അതോടെ മുണ്ടംവേലി യുടെ തെക്കേ അതിര് അത്തിപ്പൊഴിതോട് വരെയായി (ചെറിയകടവ് കമ്പനിപ്പടി തോട്).

കണ്ണമാലിപ്പള്ളിയുടെ വടക്കുഭാഗത്തുള്ളവർക്കും ഒരു പ്രത്യേക പള്ളി വേണമെന്ന ആഗ്രഹം ക്രമേണ ബലപ്പെട്ടു തുടങ്ങി. സ്ഥലത്തിന്റെ കാര്യം ഒരു പ്രശ്നമായിരുന്നു. മുണ്ടംവേലി പ്പള്ളിക്ക് ആ സമയത്ത് ചെറിയകടവ് ഭാഗത്ത് ഭൂസ്വത്തില്ലായി രുന്നു. ഒരു കുരിശുപള്ളി വയ്ക്കാനുള്ള സ്ഥലം അന്വേഷിച്ചു തുടങ്ങിയപ്പോൾ മുണ്ടംവേലിപ്പള്ളിക്ക് കടബാധ്യതയിൽപ്പെട്ടു വലഞ്ഞിരുന്ന നാരാങ്ങാത്തറ ചാണ്ടിയുടെ സ്ഥലത്തെപ്പറ്റി ആലോചന വന്നു. മുണ്ടംവേലിപ്പള്ളിയിൽ നടത്തിവന്ന ചിട്ടി പിടിച്ച് അതിനു ജാമ്യം വച്ചിരുന്ന സ്ഥലമായിരുന്നു അത്. ചിട്ടിത്തുക ഇറക്കാതെ വന്നതിനാൽ ജപ്തിക്കു വിധേയമാ യിരുന്നതാണ് ഈ സ്ഥലം. അന്നത്തെ വിലയേക്കാൾ കൂടു തൽ ചിട്ടിക്കടം വന്നതിനാൽ, ചാണ്ടി സ്ഥലം ഉപേക്ഷിച്ചെന്ന നിലയിൽ കഴിയുകയായിരുന്നു. സ്ഥലത്തിന്റെ തെക്കെ അറ്റം മാത്രം രണ്ടുമൂന്നു സെന്റ് ഉറച്ച ഭൂമിയും ബാക്കി വടക്കോട്ട് നിലവും ചിറയുമായിരുന്നു. ഏകദേശം 50 സെന്റ് ആയിരുന്നു ആകെ വിസ്തീർണ്ണം. സ്ഥലത്തെ പ്രമുഖ മരവീപ്പ നിർമ്മാണ കരാറുകാരനായ മുട്ടുങ്കൽ ശൗരി മേസരി അത് തീറു വാങ്ങി, മുണ്ടംവേലിപ്പള്ളിക്ക് ഇഷ്ടദാനം നൽകി. പള്ളിക്ക് ജാമ്യം വച്ചിരുന്ന സ്ഥലം ബുദ്ധിമുട്ടു കൂടാതെ തന്നെ കൈയ്യിൽ വന്നു ചേർന്നതിനാൽ കടത്തിന്റെ പേരിൽ ജപ്തി നടപടി നടത്തി കൈക്കലാക്കാൻ മുണ്ടംവേലിപ്പള്ളി ശ്രമിച്ചില്ല. 1889 ആഗസ്റ്റ് 10 -ന് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ഇവിടെ കുടിപ്പ ള്ളിക്കൂടം സ്ഥാപിച്ചു. അന്ന് കൊച്ചി രൂപതയ്ക്ക് ഒരു സ്കൂൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അത് ഫോർട്ടുകൊച്ചി സാന്താക്രൂസ് സ്ക്കൂളായിരുന്നു. 1888-ലാണ് അത് നിർമ്മിച്ചത്.





പള്ളി പണിയുന്നതിനുള്ള സ്ഥലം ശിയായതോടെ പിരിവും ആരംഭിച്ചു. ശൗരി മേസരിക്ക് കുറെ ജോലിക്കാരുണ്ടായി രുന്നതിനാൽ അവരിൽ നിന്നും ആഴ്ചക്കൂലി കൊടുക്കുമ്പോൾ പള്ളിപ്പണിക്കുവേണ്ടി സംഭാവന നിർബന്ധമായി എടുത്തിരുന്നു. നാട്ടിലെ പൊതുപിരിവും മുണ്ടംവേലി ഇടവക പള്ളിയിലെ സഹായവും ചേർത്ത് നാരങ്ങാത്തറ ചാണ്ടിയുടെ തുണ്ടി പറമ്പിന്റെ തെക്കെ അറ്റത്തുള്ള നികർന്ന സ്ഥലത്ത് കിഴക്കോട്ട് ദർശനമായി നിർമ്മിച്ച കപ്പേള 1892 നവംബർ 15-ന് വെഞ്ചരിച്ചു. ആദ്യകാലങ്ങളിൽ മാതാവിന്റെ വണക്കമാസമാണ് ആചരിച്ചി രുന്നത്. ഒപ്പം വിശുദ്ധ യൗസേപ്പിതാവിന്റെ മരണദിനത്തിൽ ഊട്ട് നേർച്ച (സദ്യ)യും നടത്തി തുടങ്ങി. അക്കാലത്തെ മരാശാരിമാരുടെ കരവിരുതിന്റെ ഫലമാണ് ഇപ്പോഴും പള്ളിയിലുള്ള ഒറ്റത്തടിയിൽ കൊത്തിയെടുത്ത വിശുദ്ധ യൗസേപ്പിതാവിന്റെ വലിയ രൂപം. വളരെ ആകർഷകമായ ഈ രൂപം തൊട്ട് വന്ദിക്കാൻ അയൽപ്രദേശങ്ങളിൽനിന്നും നിരവധി തീർത്ഥാടകർ പ്രത്യേകിച്ച് ഫോർട്ട് വൈപ്പിൻ, കോട്ട പ്പള്ളി, കൊച്ചുപള്ളി, അമരാവതി, ലോരേത്ത്, ഇടക്കൊച്ചി എന്നീ സ്ഥലങ്ങളിലെ ആംഗ്ലോ-ഇന്ത്യൻസ് മാർച്ച് തിരുനാളിന് ഇവിടെ വന്നിരുന്നു. 'ശൗരി മേസരിയുടെ പള്ളി'യെന്നാണ് അറിയപ്പെട്ടി രുന്നത്. വർഷങ്ങൾക്കുശേഷം കണ്ണമാലിപ്പള്ളി വിശുദ്ധ യൗസേ പ്പിതാവിന്റെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായതും മാർച്ച് 19-ന് നേർച്ച സദ്യയോടെ തിരുനാൾ ആഘോഷിക്കാൻ തുടങ്ങിയതു കൊണ്ടും ഇവിടെ മാർച്ച് 19 കഴിഞ്ഞു വരുന്ന ഞായർ തിരുനാൾ ദിനമായി ആഘോഷിക്കാൻ തുടങ്ങി.

ഇവിടത്തെ തിരുകർമ്മങ്ങൾ നടത്തുന്നതിന് അച്ചന്റെ ശമ്പളം പത്തു രൂപ ശൗരി മേസരി കൊടുത്തിരുന്നു. അച്ചന് താമസിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പറമ്പിൽ ഒരു വീടും പണിയുകയുണ്ടായി. ശൗരി മേസരിയുടെ കാലശേഷം മകൻ കുഞ്ഞൗസോ, അപ്പൻ തുടങ്ങി വച്ച ഉത്തരവാദിത്വം ഏറ്റെടുത്തു. കുഞ്ഞൗസോയുടെ ജീവിതം അപ്പൻ സമ്പാദിച്ച സ്വത്തെല്ലാം നശിപ്പിക്കുന്ന തരത്തിലായിരുന്നു. ഇതോടെ അച്ചൻ താമസി ച്ചിരുന്ന വീടും പറമ്പും ഉൾപ്പെടെ എല്ലാം വിറ്റു. അച്ചന് ശമ്പളം കൊടുക്കാതെയുമായി. അച്ചൻ ശമ്പളം ചോദിച്ചതിന്റെ പേരിൽ അച്ചനോട് വഴക്കിട്ട് 'വൈദികന്റെ സേവനം ആവശ്യമില്ലെന്ന്'

പറഞ്ഞ് അച്ചനെ പറഞ്ഞുവിട്ടു. തുടർന്ന് അച്ചനില്ലാതെ പള്ളി 1927 മുതൽ 1932 വരെ പൂട്ടിക്കിടന്നു. അവസാനം കണ്ണമാലി ബാലുമ്മൽ മനീക്കും ആലുങ്കൽ തുമ്മിയും കൂടി കുഞ്ഞൗസോയിൽ നിന്ന് പണയമായി 1800 രൂപയ്ക്ക് വാങ്ങി പള്ളിക്കു പടിഞ്ഞാറുവശമുള്ള പറമ്പ് പള്ളിക്ക് വിട്ടുകൊടുത്തു. അതിന്റെ ആദായം കൊണ്ട് അച്ചനെ നിയമിക്കണമെന്നാവശ്യപ്പെട്ടു. അപ്രകാരം അച്ചനോടുകൂടി പള്ളി തുറന്നു.

കോടീശ്വരനെപ്പോലെ ജീവിച്ചിരുന്ന കുഞ്ഞൗസോ പൊടുന്നനെ പാപ്പരായി. വീടുപ്പോലും കടത്തിൽ ജപ്തി ചെയ്ത സന്ദർഭം വന്നപ്പോൾ പെട്ടെന്ന് മരിച്ചു. ശവസംസ്ക്കാരത്തിന് മുണ്ടംവേലി സിമിത്തേരിയിൽ കൊണ്ടുപോകുന്നതിനു പകരം കുഞ്ഞൗസോയുടെ അനന്തരക്കാരനായ ജോസഫ് കളത്തറ അച്ചൻ പള്ളിപ്പറമ്പിൽ ശവസംസ്ക്കാരം നടത്തുന്നതിനുള്ള അനുവാദം മെത്രാൻ അബിലിയോ നേവീസിൽ (1934-39 ലെ കൊച്ചി മെത്രാൻ) നിന്നു കരസ്ഥമാക്കി. ചെറിയ കടവിൽ സംസ്ക്കരിച്ചു. ശവസംസ്ക്കാരം നടത്തിയ സ്ഥലം അന്ന് മട്ടാഞ്ചേരിയിലെ പട്ടരുടെ വകയായിരുന്നു. പട്ടർ പിന്നീട് സ്ഥലമെല്ലാം വിറ്റു തുടങ്ങിയപ്പോൾ മുണ്ടംവേലി പള്ളിക്കാർ ആ സ്ഥലം വാങ്ങി. വർഷങ്ങൾക്കുശേഷം ആ സ്ഥലത്തിന്റെ ഒരു ഭാഗത്ത് സിമിത്തേരി നിർമ്മിച്ചു. പള്ളി ചെറുതായതിനാൽ ആളുകൾക്ക് സൗകര്യം കൊടുക്കാൻ വേണ്ടി പള്ളിയുടെ മുൻവശം (കിഴക്കോട്ട് ദർശനം) ഒരു ഷെഡ് പണിതു. ഷെഡുണ്ടാക്കിയപ്പോൾ കുഞ്ഞൗസോയെ സംസ്ക്കരിച്ച സ്ഥലം അതിനകത്തു വന്നു. അതവർ കുഴിമാടം ഉണ്ടാക്കി സൂക്ഷിക്കാൻ തുടങ്ങി. പള്ളിയിൽനിന്നും അതിന് മൗനസമ്മതം കൊടുത്തിരുന്നു. കാലക്രമേണ നാരാങ്ങാത്തറ ചാണ്ടിയിൽ നിന്നു ലഭിച്ച തുണ്ടിപ്പറമ്പു നികർത്തി പറമ്പാക്കി അവിടെയാണ് സ്കൂൾ നിർമ്മിച്ചത് (ഇന്നു കാണുന്ന സ്ക്കൂൾ കെട്ടിടം). 1954 ആഗസ്റ്റ് 10-ന് ആദ്യ സെമിത്തേരി ആശീർവദിച്ചു.

1950 കാലമായപ്പോഴേയ്ക്കും പള്ളി ആകെ ദ്രവിച്ചു തുടങ്ങി. ഇടിവെട്ടിനും കാറ്റിനും പള്ളിയാകെ ഉളകുമായിരുന്നു. അപകടം ഒഴിവാക്കാൻ പള്ളിയുടെ മുഖവാര കൂരയ്ക്ക് മേലോട്ടുള്ള ഭാഗം പൊളിച്ചുമാറ്റി. എങ്കിലും പള്ളി തീരെ മോശമായി കഴിഞ്ഞിരുന്നു. ഇതിനിടയിൽ അച്ചൻ താമസിച്ചിരുന്ന ഇപ്പോഴത്തെ മേടയുടെ





സ്ഥലം കണ്ണമാലിക്കാരൻ പട്ടരുടെ കയ്യിൽപ്പെട്ടു. അയാളുടെ കുടിയാനായി കഴിഞ്ഞിരുന്ന അച്ചനോട് ഒട്ടം ബഹുമാനമില്ലാതെ അയാൾ പെരുമാറി തുടങ്ങി (ഇന്നത്തെ കുടികിടപ്പ് ബിൽ അന്നില്ലല്ലൊ). ഫാ. അലക്സാണ്ടർ തോട്ടുകടവിൽ ചാപ്ലിനായിരുന്നപ്പോൾ 1961-ൽ പുതിയ പള്ളി നിർമ്മാണത്തിന് ആലോചന യോഗം കൂടി നിർമ്മാണ കമ്മിറ്റിയും ആഴ്ചപ്പിരിവും ആരംഭിച്ചു. ഇതിനായി കുറച്ച് പണം സ്വരൂപിച്ചു. കൂടെ കൂടെയുള്ള വൈദീകരുടെ സ്ഥലമാറ്റം ഇവിടെയും കാലതാമസം വരുത്തി.

ഈ കാലഘട്ടത്തിലാണ് 1965-ൽ ഫാ. സെബാസ്റ്റിൻ വലിയ വീട്ടിൽ ചെറിയകടവിൽ ചാപ്ലീനായി വരുന്നത്. മുമ്പിരുന്ന സേവ്യർ പള്ളത്തുപറമ്പിൽ അച്ചനോട് പറമ്പുടമ ബഹുമാനമില്ലാതെ പെരുമാറിയതിനെപ്പറ്റി നേരത്തെ കേട്ടിരുന്നതിനാൽ പട്ടരോട് സ്ഥലം തീറുവാങ്ങാനുള്ള ഉദ്ദേശ്യം സെബാസ്റ്റിനച്ചന്റെ മനസ്സിലുണ്ടായിരുന്നു. വിചാരിച്ചതുപോലെ തന്നെ ചെറിയ കടവിൽ വന്ന് 27-ാം ദിവസം പറമ്പു തീറുവാങ്ങി. പട്ടരെക്കൊണ്ട് തെങ്ങുകേറിക്കാൻ അനുവദിച്ചുമില്ല. പിന്നീട് പള്ളി പണിയുടെ ചിന്തയിലായി. എല്ലാം ധൃതിയിൽ ചെയ്യുന്ന അച്ചന്റെ പ്രകൃതം മുണ്ടംവേലി പള്ളി വികാരിയടക്കം കുറേപ്പേരുടെ ശത്രുതയും പ്രതികാര നടപടികളും ക്ഷണിച്ചു വരുത്തി. ഏതായാലും പള്ളി ഉണ്ടാക്കണമെന്ന് വിശുദ്ധ യൗസേപ്പിതാവ് ആഗ്രഹിച്ചിരുന്നു. ഇനി സെബാസ്റ്റിനച്ചന്റെ വാക്കിൽ തന്നെ എഴുതാം. (1968-ലെ പള്ളി വെഞ്ചിരിപ്പിന് പറഞ്ഞ പ്രസംഗത്തിൽ നിന്ന്) "ഒരു രാത്രിയിൽ ഒരു വയോധികൻ വന്ന് ഒരു കൂന കറൻസി നോട്ട് തന്നിട്ടു പോകുന്നതായി ഞാനൊരു സ്വപ്നംകണ്ടു. പിറ്റേ ദിവസം റോമിൽ നിന്നും പള്ളിപണിക്ക് സംഭാവന വന്നു എന്ന് അലക്സാണ്ടർ എടേഴത്ത് പിതാവ് വിളിച്ചു പറഞ്ഞു."

1965 സെപ്തംബർ 5-ന് പുതിയ പള്ളിക്ക് തറക്കല്ലിട്ടു. പള്ളിപ്പണിക്കുവേണ്ടി എല്ലാ കുടുംബത്തിൽനിന്നും ആഴ്ചയിൽ 10 പൈസയും ചിലർ കെട്ടുതെങ്ങും (ഒന്നോ രണ്ടോ തെങ്ങിലെ വരുമാനം മുഴുവൻ പള്ളിക്ക് കൊടുത്തിരുന്ന സമ്പ്രദായം) നല്കിയിരുന്നു. ചിലരൊക്കെ ഇടയ്ക്ക് വച്ച് പിരിവ് നല്കാതായി. ധൃതഗതിയിൽ പണി തുടങ്ങി. അപ്പോഴാണ് പണ്ട് മട്ടാഞ്ചേരി പട്ടരുടെ പറമ്പിൽ സംസ്ക്കരിച്ചിരുന്ന കുഞ്ഞൗസോയുടെ

കുഴിമാടത്തിന്റെ സ്മാരകഫലകം പള്ളിയിലിടണമെന്ന ആവശ്യമുയർന്നത്. അന്ന് ആറടി തെക്കോട്ട് മാറ്റി പള്ളിയുടെ അടിത്തറ പണിതിരുന്നുവെങ്കിൽ ഈ പ്രശ്നം ഒഴിവാക്കാമായിരുന്നു. എന്നാൽ, പിന്നീട് ഇതൊരു പ്രശ്നമായി തീരുമെന്ന് കണക്കുകൂട്ടാനാകഞ്ഞത് ഒരു വീഴ്ചയായി. മുണ്ടംവേലി വികാരി നടുവത്തുമുറിയച്ചൻ ഫലകമിടുന്നതിന് വികാരി ജനറലിനോട് അപേക്ഷിച്ച് അനുവാദവും വാങ്ങി. കുഞ്ഞൗസോയുടെ മകൻ സേവ്യർ മാസ്റ്റർ ഈ അനുവാദവുമായി ചെറിയകടവിലെത്തി. ഇതറിഞ്ഞ ഇടവകക്കാർ പൊതുവെ അമർഷം കൊണ്ട് ബഹളമായി. പ്രതിനിധികൾ ഒന്നടങ്കം അരമനയിൽ ചെന്നു വിവരം യഥാവിധി ബോധ്യപ്പെടുത്തി. വികാരി ജനറലിന്റെ അനുവാദം റദ്ദുചെയ്ത മെത്രാൻ മറ്റൊരു കല്പന പുറപ്പെടുവിച്ചു. അതനുസരിച്ച് സിമിത്തേരിയിൽ ഫ്രീയായി കുഴിമാടം സ്ഥാപിക്കാൻ അനുമതി നൽകി. ഇതേസമയം സെബാസ്റ്റിനച്ചനെതിരെ മ്ലേച്ഛമായ രീതിയിലുള്ള നിരവധി ആരോപണങ്ങൾ പറഞ്ഞു പരത്തുകയും റോമിൽ മാർപ്പാപ്പയ്ക്ക് വരെ ആരോപണങ്ങളുടെ പകർപ്പ് അയച്ചു കൊടുത്ത് പീഢിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അച്ചനെതിരായി പോലീസ് കേസ് വരെ ഉണ്ടായി. റോഡിനു അഭിമുഖമായി പുതിയ പള്ളിയുടെ ദർശനം പടിഞ്ഞാറോട്ട് വരുന്നതിനാൽ ആവശ്യത്തിന് പള്ളിമുറ്റം നീക്കിയിട്ട് അധികം കിഴക്കോട്ട് ഇറക്കിയാണ് പ്ലാൻ തയ്യാറാക്കിയത്. പഴയ കപ്പേളയ്ക്കും സിമിത്തേരിക്കും ഇടയ്ക്കുള്ള സ്ഥലം ചതപ്പുനിറഞ്ഞ വെള്ളക്കെട്ടുള്ള സ്ഥലമായിരുന്നു. കരിങ്കല്ലുകൊണ്ട് നിർമ്മിച്ച അടിത്തറയ്ക്ക് അന്ന് ഭൂനിരപ്പിൽനിന്ന് നാല് അടിയോളം ഉയരമുണ്ടായിരുന്നു. (ഇന്നത് കിഴക്ക് ഭാഗത്ത് മുഴുവനും താഴ്ന്ന് ഭൂമിക്കടിയിലായി) കായലിൽ നിന്ന് കോരുന്ന പശയുള്ള മാട്ടുമണ്ണ് കൊണ്ടാണ് തറ മുഴുവൻ നിറച്ചത്. സെബാസ്റ്റിനച്ചന്റെ സ്വപ്നത്തിലെന്നപോലെ വിശുദ്ധ യൗസേപ്പിതാവിന്റെ അത്ഭുതമെന്നോണം 1967-ൽ ആരംഭിച്ച മുകൾഭാഗം പണി ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞു. പണം കൊണ്ടുമാത്രമല്ല, കായികാദ്ധ്വാനം കൊണ്ടും ഇടവകക്കാർ ഒന്നടങ്കം സഹകരിച്ചു. വള്ളത്തിൽ കൊണ്ടുവന്ന് കടവിൽ ഇറക്കുന്ന സാധനങ്ങൾ കൂർബ്ബാനയ്ക്ക് ശേഷം ആളുകൾ തന്നെയാണ് ചുമന്ന് പണി





സ്ഥലത്ത് എത്തിച്ചിരുന്നത്. കുട്ടികൾക്ക് മിഠായിയും മുതിർന്നവർക്ക് കട്ടൻ ചായയും പലഹാരവുമായി സെബാസ്റ്റിനച്ചനും കൂടെയുണ്ടാകും.

1968 ഫെബ്രുവരി 18-ന് പുതിയ പള്ളിയുടെ ആശീർവാദവും ചെറിയകടവ് പള്ളി ഇടവകപ്പള്ളിയാക്കിയുള്ള പ്രഖ്യാപനവും രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. അലക്സാണ്ടർ എടേഴത്ത് പിതാവ് നിർവ്വഹിച്ചു. വടക്ക് സി.എം.എസ്. തോടു മുതൽ തെക്ക് അത്തിപ്പൊഴി തോട് വരെയും കിഴക്ക് കുതിരക്കൂർകരിയും ഉൾപ്പെട്ടതായിരുന്നു ഇടവകാതിർത്തി. വെഞ്ചരിപ്പ് കർമ്മവും തുടർന്നുള്ള പൊതു സമ്മേളനവും കലാപരിപാടികളും നാടിന്റെ ഒരു ഉത്സവമായിരുന്നു. ഇടവകയുടെ ആദ്യവികാരിയായി സെബാസ്റ്റിനച്ചൻ നിയമിക്കപ്പെട്ടു. വിശുദ്ധ യൗസേപ്പിതാവിന്റെ നവനാൾ രൂപം (നോവെന) എഴുതി ആരംഭിച്ചതും അച്ചന്റെ സംഭാവനയാണ്. തിരുവിതാംകൂറിൽ നിന്നു വന്ന കലാകാരന്മാർ അവതരിപ്പിച്ച വില്ലടിച്ചാൻപാട്ട് എന്ന പ്രാചീന കലാപരിപാടിയും അന്ന് ഉൾപ്പെടുത്തിയിരുന്നു. വൻ ജനാവലിയാണ് ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ അന്ന് ഒത്തുചേർന്നത്. പുതുതായി നിർമ്മിച്ച മനോഹര ദേവാലയത്തിന്റെ ശില്പിയായ ഫാ. സെബാസ്റ്റിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി ബഹുമാനസൂചകമായി ഒരു ഛായാപടം 1968 ഏപ്രിൽ 28-ന് പള്ളി മേടയിൽ കൂടിയ യോഗത്തിൽ അനാച്ഛാദനം ചെയ്തു.

1971-ൽ ഫാ. സെബാസ്റ്റിന് ചെല്ലാനം പള്ളിവികാരിയായി സ്ഥലമാറ്റം ലഭിച്ചു. ഇന്നേവരെ നടന്നിട്ടുള്ളതിൽ വച്ചേറ്റവും വികാരോജ്ജ്വലമായ ഒരു യാത്രയയപ്പ് പരിപാടിയാണ് സംഘടിപ്പിച്ചത്. നിരവധി വാഹനങ്ങളുടെ അകമ്പടിയോടെയാണ് യാത്രയാക്കിയത്. സന്ധ്യയോടെ ചെല്ലാനത്ത് എത്തുന്നതിന് മുമ്പായി മറ്റൊരു സംഭവമുണ്ടായി. പള്ളി നിർമ്മാണത്തിൽ സെബാസ്റ്റിനച്ചൻ ക്രമക്കേടിലൂടെ വൻ സാമ്പത്തികനേട്ടം ഉണ്ടാക്കിയെന്നാരോപിച്ച് അപകീർത്തിപ്പെടുത്തുന്ന നോട്ടീസ് ചിലർ വിതരണം ചെയ്യുകയുണ്ടായി. ഇതും പിന്നീട് ഇവിടെ കുറച്ച് കാലത്തേയ്ക്ക് സംഘർഷസാഹചര്യം സൃഷ്ടിച്ചു. ഇതിനിടയ്ക്ക് തന്നെ പുതിയ പള്ളിയുടെ വെഞ്ചരിപ്പ് ദിവസം അനാച്ഛാദനം ചെയ്ത പ്രധാന വാതിലിനു സമീപത്തുള്ള

സ്ലാബിലെ അച്ചന്റെ പേരുകൊത്തിയ ഭാഗം മൂർച്ചയുള്ള ആയുധമുപയോഗിച്ച് ഇടിച്ചു തകർക്കാനും ശ്രമം നടന്നു. ഇതിന്റെ പാടുകൾ ഇപ്പോഴും സ്ലാബിൽ തെളിഞ്ഞു കാണാം.

സെബാസ്റ്റിനച്ചനുപകരമായി ഇവിടെ വന്നത് സേവ്യർ ശാസ്താം പുരയ്ക്കൽ അച്ചനായിരുന്നു. പ്രായാധിക്യവും മറവി രോഗത്തിന്റെ അവശതയും മൂലം അച്ചന് കാര്യമായി പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ശാസ്താം പുരയ്ക്കലച്ചൻ വർഷങ്ങൾക്ക് മുമ്പും ഇവിടെ ചാപ്ലീനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അന്നാണ് ആദ്യ സിമിത്തേരി നിർമ്മിച്ചത്. എന്നാൽ യാദൃശ്ചികമെന്നൊണം രണ്ടാമത് സിമിത്തേരി വലുതാക്കി നിർമ്മിച്ചതും ശാസ്താം പുരയ്ക്കൽ അച്ചന്റെ കാലത്താണ്. 1972-ൽ ഇടവകാംഗം മിസ്. മേരി ഫെർണാണ്ടസ് ടീച്ചർ മുൻകൈ എടുത്ത് പള്ളിക്ക് ഒരു പാസ്ക് രൂപം സംഭാവന  നൽകി. അന്നു മുതലാണ് നഗരികാണിക്കലും കബറടക്ക ശുശ്രൂഷയും ഇവിടെ ആരംഭിച്ചത്. അക്കാലത്ത് വലിയ കടൽ കയറ്റങ്ങൾ ഉണ്ടാകുകയും നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും  ചെയ്തു. ദുരന്തത്തിന് ഇരയായവർക്ക് വിദേശത്ത് നിന്ന് പാൽപ്പൊടി, എണ്ണ, നുറുക്ക് ഗോതമ്പ്, വസ്ത്രങ്ങൾ എന്നിവ പള്ളി വഴി വിതരണം ചെയ്യുമായിരുന്നു.

## വിശ്വാസ സമൂഹത്തിന് നൂറ് വയസ്സ്:

ചെറിയകടവിൽ കത്തോലിക്കമാർഗ്ഗം സ്വീകരിച്ച സമൂഹത്തിന്റെ നൂറ് വർഷം വിപുലമായ പരിപാടികളോടെ ഒരു വർഷം നീണ്ടുനിന്ന ശതാബ്ദിയാഘോഷം 1991-92ലായിരുന്നു. എന്നാൽ ഇതിനേക്കാൾ മുമ്പേ ആഘോഷിക്കേണ്ട മറ്റൊരു ശതാബ്ദി ആരാലും ഓർമ്മിക്കപ്പെടാതെ കടന്നുപോയി. 1889-ൽ സ്ഥാപിതമായ ഇവിടുത്തെ സ്ക്കൂളിന് 1989-ൽ നൂറുവർഷമായിരുന്നു. പേരിന് ഒരു ചടങ്ങ് നടത്താൻ പോലും ആർക്കുമായില്ല. ദീർഘമായ നൂറ് വർഷക്കാലം നാട്ടിലെ ആയിരക്കണക്കിന് കുഞ്ഞുങ്ങൾ വിദ്യയുടെ ആദ്യാക്ഷരം കുറിച്ച ഈ സ്കൂൾ മുത്തശ്ശി ഇനിയെത്രക്കാലം ജീവിക്കുമെന്ന് നമുക്കറിയില്ല. കുട്ടികളില്ലാതെ അടച്ചു പൂട്ടപ്പെടുന്ന സ്കൂളുകളുടെ ലിസ്റ്റിൽ ഉടനയൊന്നും ഈ സരസ്വതി ക്ഷേത്രം ഉണ്ടാകരുതേയെന്ന് നമുക്ക് പ്രതീക്ഷിക്കാം.



Light of Cochin

ഒരു വർഷക്കാലം നീണ്ടു നിന്ന കുരിശുപള്ളി സ്ഥാപിതമായതിന്റെ ശതാബ്ദിയാഘോഷങ്ങൾ 1991-92ലാണ് നടന്നത്. ഫാ. പയസ് പഴേരിക്കലായിരുന്നു അന്നത്തെ വികാരി. ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് സാന്താക്രൂസ് ബസ്സിലിക്കയിൽനിന്നും തെളിയിച്ച വിശ്വാസപ്രഖ്യാപനത്തിന്റെ ശതാബ്ദി-ദീപശിഖാപ്രയാണം നിരവധി യുവ അത്ലറ്റുകളുടെയും വാഹനങ്ങളുടെയും അകമ്പടിയോടെ നിരവധി സ്വീകരണങ്ങൾ ഏറ്റുവാങ്ങി ഇടവകയുടെ വടക്കേ അതിർത്തിയിൽനിന്നും വാദ്യമേളങ്ങളുടെയും കുടുംബയൂണിറ്റ് ഭാരവാഹികളുടെ താലപ്പൊലിയോടും ഇടവകയുടെ തെക്കേ അതിർത്തിയിൽ ചെന്ന് തിരിച്ച് പള്ളിയിൽ സമാപിച്ചു. തുടർന്ന് നടന്ന ദിവ്യബലി മദ്ധ്യ ആഘോഷങ്ങളുടെ കർമ്മ പരിപാടികൾ പ്രഖ്യാപിച്ചു. 1992-ൽ നടന്ന സമാപന ചടങ്ങുകൾക്ക് ഡോ. ജോസഫ് കുരീത്തറ പിതാവ് നേതൃത്വം നല്കി. പൊതു സമ്മേളനത്തിന്റെ വിശിഷ്ടാഥിതിയായി സംസ്ഥാന നിയമസഭാ സ്പീക്കർ പി.പി. തങ്കച്ചൻ പങ്കെടുത്തു. രാത്രിയിൽ കലാപരിപാടികളും ഉണ്ടായി. ശതാബ്ദി സ്മാരകമായി ഒരു ഓപ്പൺ സ്റ്റേജ് നിർമ്മാണത്തിന് പിതാവ് കല്ലിടുകയും ചെയ്തു. ഇടയ്ക്ക് നിർമ്മാണം നിലച്ചുപോയ സ്റ്റേജ് ഇത്രയും കാലമായിട്ടും പൂർത്തിയാക്കി ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനിടയിൽ നിരവധി വികാരിമാർ സ്ഥലം മാറിപോകുകയും ഇടവകയുമായി ബന്ധപ്പെട്ട് മറ്റ് നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## മറ്റുനിർമ്മാണപ്രവർത്തനങ്ങൾ

1990ലാണ് പള്ളിയുടെ തൊട്ട് തെക്ക് ഭാഗത്തെ പാടം നികർത്തി നേറ്റിവിറ്റി കോൺവെന്റ് നിർമ്മിച്ചത്. 1999 മാർച്ചിൽ ഫാ. ഫ്രാൻസീസ് സേവ്യർ വികാരിയായിരുന്നപ്പോൾ അൾത്താര നവീകരിച്ചു. പള്ളിമുറ്റം കരിങ്കൽ വിരിച്ചും വശങ്ങൾ കോൺക്രീറ്റു ചെയ്തും മനോഹരമാക്കിയതും ഇതേക്കാലത്താണ്. അൾത്താരയിൽ വച്ചിരുന്ന വലിയ ക്രൂശിത രൂപം സിമിത്തേരിയിൽ ചാപ്പൽ പണിത് അവിടെ സ്ഥാപിച്ചു. 2002-ൽ പഴയമേട മുഴുവൻ പൊളിച്ചു മാറ്റി പുതിയ മേട നിർമ്മിച്ചു. നവംബർ മൂന്നിന് വെഞ്ചരിച്ചു. ഫാ. ടൈറ്റസ് കണ്ടത്തിപ്പറമ്പിലായിരുന്നു

മേട നിർമ്മാണകാലത്തെ വികാരി. 2006 തുടക്കത്തിൽ ഫാ. അഗസ്റ്റിൻ പാലയിൽ വികാരിയായി വന്നു. അച്ചൻ ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തികൾ ഡിസംബർ പകുതിയോടെ പൂർത്തിയായി. ഡിസംബർ 17-ന് ഡോ. ജോൺ തട്ടുങ്കൽ പിതാവ് പുതുക്കിപ്പണിത പള്ളിയുടെ വെഞ്ചരിപ്പ് കർമ്മവും പുറത്ത് പുതിയതായി നിർമ്മിച്ച് കുരിശുപള്ളിയുടെ പ്രതിഷ്ഠയും നടത്തി. അന്നേ ദിവസം ഇടവക ദിനാചരണവും ഡയറക്ടറിയുടെ പ്രകാശനവും നടത്തി. വർഷങ്ങളായി മുടങ്ങിക്കിടന്ന ശതാബ്ദി സ്മാരക ഓപ്പൺ സ്റ്റേജിന്റെ പൂർത്തീകരണം ഇതോടൊപ്പം നടക്കുന്നു. പള്ളി കൊമ്പൗണ്ടിൽ പള്ളിയിൽ വരുന്നവർക്ക് ഉപയോഗിക്കുന്നതിനായി ഒരു ടോയ്‌ലറ്റിന്റെ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു.

## ചെറിയകടവ് കപ്പേളയിൽ സേവനമനുഷ്ഠിച്ച ചാപ്ലിന്മാർ

ഫാ. മത്തായി വടക്കേൽ 1912, ഫാ. ഫിലിപ്പ് അണ്ടുമാലി (സുറിയാനി) 1920, ഫാ. തോമസ് വടക്കേരിയൽ (സുറിയാനി) 1933, ഫാ. അഗസ്റ്റിൻ ചെറിയ കാക്രാൻച്ചേരി 1936, ഫാ. ജോൺ ചിറമ്മേൽ 1937, ഫാ. ജോസഫ് ചിറമ്മേൽ 1941, ഫാ. ജോസഫ് ചക്കാലക്കൽ 1943, ഫാ. അഗസ്റ്റിൻ തേങ്ങാപുരയ്ക്കൽ 1943, ഫാ. ജോൺ പോൾ കാട്ടിശ്ശേരി 1949, ഫാ. ആന്റണി ഫോർഡി 1950, ഫാ. സേവ്യർ ശാസ്താംപുരയ്ക്കൽ 1952, ഫാ. ജോസഫ് മേനേസെസ് 1955, ഫാ. അലക്സാണ്ടർ തോട്ടുകടവിൽ 1955, ഫാ. സേവ്യർ പള്ളത്തുംപറമ്പിൽ 1963, ഫാ. പി.എ. സേവ്യർ 1964, ഫാ. പോൾ കാട്ടിശ്ശേരി 1964, ഫാ. സെബാസ്റ്റിൻ വലിയവീട്ടിൽ 1965.

## ചെറിയകടവ് ഇടവകയിൽ സേവനമനുഷ്ഠിച്ച ബഹു. വികാരിമാർ

ഫാ. സെബാസ്റ്റിൻ വലിയവീട്ടിൽ - 1965 - 1971, ഫാ. സേവ്യർ ശാസ്താംപുരയ്ക്കൽ 1971-1975, ഫാ. ഇഗ്നേഷ്യസ് കവലക്കൽ - 1975-1977, ഫാ. പോൾ കാട്ടിശ്ശേരി - 1977-1978, ഫാ. ആന്റണി എളവന്തറ - 1978-1981, ഫാ. മാർക്ക് ആന്റണി പുത്തൻപറമ്പിൽ - 1981-1983, ഫാ. അഗസ്റ്റിൻ കൂട്ടുങ്കൽ - 1983-1985, ഫാ. ജേക്കബ് കിഴക്കേവീട്ടിൽ - 1985-1988, ഫാ. ആന്റണി അറക്കൽ - 1988-1991,





ഫാ. പയസ് പഴേരിക്കൽ - 1991-1996, ഫാ. ജോസഫ് പൊള്ളയിൽ - 1996-1997, ഫാ. ഡൊമിനിക് ആലുവപറമ്പിൽ - 1997-1999, ഫാ. ഫ്രാൻസീസ് സേവ്യർ കളത്തിവീട്ടിൽ - 1999-2001, ഫാ. ജോസഫ് ടൈറ്റസ് കണ്ടത്തിപ്പറമ്പിൽ - 2001-2006, ഫാ. അഗസ്റ്റിൻ പാലയിൽ - 2006-

*കുടുംബയൂണിറ്റ് - 21, ഭവനം - 840*

പാരീഷ് പാസ്റ്ററൽ കൗൺസിൽ, കുടുംബയൂണിറ്റ് കേന്ദ്ര സമിതി, മതബോധനകേന്ദ്രം എന്നിവ കൂടാതെ, ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകൾ

1. കെ.സി.വൈ.എം.
2. കോൾപിംഗ് സൊസൈറ്റി
3. ചിൽഡ്രൻസ് ക്ലബ്
4. തിരുക്കുടുംബ വിവാഹധനസഹായഫണ്ട്
5. വൈഡ്സ്
6. ലീജിയൻ ഓഫ് മേരി അമലോത്ഭവമാതാ പ്രസീദിയം
7. മരിയൻ സൊഡാലിറ്റി ഫെഡറേഷൻ
8. കേരള ലേബർ മൂവ്മെന്റ്
9. വിൻസന്റ് ഡി പോൾ സൊസൈറ്റി
10. സെന്റ് ജോസഫ് പള്ളി ഇടവക മരണഫണ്ട്
11. കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പ്
12. ജീസസ്സ് യൂത്ത്
13. ക്രിസ്റ്റീൻ
14. ലിറ്റിൽ വേ അസോസിയേഷൻ

## തിരുപ്പിറവി സന്യാസസഭ

1993-ൽ ഇടവകയിൽ പ്രവർത്തനം ആരംഭിച്ച തിരുപ്പിറവി സന്യാസസഭയിലെ സഹോദരിമാരുടെ സേവനം ഇടവകയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ✤

# സെമിനാരി വാർത്തകൾ

## അദ്ധ്യയനവർഷം 2007-2008

### നവാഗതർ

രൂപതാ മൈനർ സെമിനാരി പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച 18 പേരിൽ, 15 പേരെ രൂപതാ മൈനർ സെമിനാരിയിലേയ്ക്കും, രണ്ടുപേരെ പുനലൂർ രൂപതാ സെമിനാരിയിലേക്കും തിരഞ്ഞെടുത്തു. താഴെ പറയുന്ന വരാണ് രൂപതാ മൈനർ സെമിനാരിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ.

1. ആൻസൽ ആന്റണി ഏലഞ്ചേരി - സെന്റ് ജോസഫ്സ് ചുള്ളിക്കൽ
2. ആന്റണി അനൂപ് ബ്ലാംപറമ്പിൽ - സെന്റ് ജോസഫ്സ് ചിറക്കൽ
3. അരുൺ ജോസഫ് കിങ്കരത്തറ - ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ എഴുപുന്ന
4. അഗസ്റ്റിൻ പള്ളിപറമ്പിൽ - സെന്റ് ജോർജ് അർത്തുങ്കൽ
5. അഗസ്റ്റിൻ ജോമോൻ കണ്ണേഴത്ത് - ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ എഴുപുന്ന
6. ഡാനി റാഫേൽ ചമ്പക്കാട്ട് - സെന്റ് ജോർജ് അർത്തുങ്കൽ
7. ഡെൽഫിൻ ജോസ് അറക്കൽ - സെന്റ് സെബാസ്റ്റ്യൻസ് ചെല്ലാനം
8. എമിൽ അന്റോണിയോ ഏലിയാ പോളക്കൽ - ഹോളി ഫാമിലി നസ്രത്ത്
9. ജോർജ് സെബിൻ തറേപറമ്പിൽ - സെന്റ് ജോസഫ്സ് നോർത്ത് കുമ്പളങ്ങി
10. ജെയ്ക്കബ് സനു മംഗലത്ത് - സെന്റ് പീറ്റേഴ്സ് കുമ്പളങ്ങി
11. ജിത്തു ജോൺ കടവിപറമ്പിൽ - സെന്റ് തോമസ് മൂർ പള്ളുരുത്തി
12. ജോസഫ് ജോർജ് ഷെബിൻ ചക്കുങ്കൽ - സെന്റ് പീറ്റേഴ്സ് കുമ്പളങ്ങി
13. കുര്യാക്കോസ് ജോജോ ഊനാട്ട് - സെന്റ് ജോസഫ്സ് വല്ലേത്തോട്
14. റാഫേൽ റോഷൻ കുരിശിങ്കൽ - സെന്റ് അഗസ്റ്റിൻസ് അരൂർ
15. സെബാസ്റ്റ്യൻ ചുടുകാട്ടുതറ - സെന്റ് ജോസഫ്സ് വല്ലേത്തോട്

രൂപതാ മൈനർ സെമിനാരിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ ജൂൺ മാസം 20-ാം തീയതി ആലുവാ ഹോളി ക്രോസ് സ്റ്റഡി ഹൗസിൽ എത്തിച്ചേരുന്ന തോടെ ഹോളി ക്രോസ് സ്റ്റഡി ഹൗസിലെ 2007 - 2008-ലെ അധ്യയന വർഷം ആരംഭിക്കുന്നതാണ്. പുതുതായി സെമിനാരിയിൽ പ്രവേശനം ലഭിച്ചവർക്ക്, എല്ലാ മംഗളങ്ങളും നേരുന്നു.





താഴെ പറയുന്നവർ കുമ്പളം സെന്റ് സേവ്യഴ്സ് സ്റ്റഡി ഹൗസ്സിൽ പ്ലസ് ടു പഠനം നടത്തികൊണ്ടിരിക്കുന്നു.

### രണ്ടാം വർഷം പ്ലസ് ടു

1. ജിനോ റാഫേൽ മുട്ടുങ്കൽ - സെന്റ് ജോസഫ് ചെറിയകടവ്
2. ജോൺസൺ അറക്കൽ - സെന്റ് ജോർജ് പഴങ്ങാട് കുമ്പളങ്ങി
3. മിഥിൻ ആന്റണി കാളിപറമ്പിൽ - സെന്റ് ജോർജ് പഴങ്ങാട് കുമ്പളങ്ങി
4. പോൾ നിന്റോ പൂപ്പാടി - സെന്റ് ലോറൻസ് ഇടക്കൊച്ചി
5. റിൻസൺ ആന്റണി കാളിയത്ത് - സെന്റ് തോമസ് അപ്പോസ്തൽ സാന്റോം
6. റെയ്നോൾഡ് സനുപ് മുട്ടുങ്കൽ - ഹോളി ഫാമിലി നസ്രത്ത്
7. സജ്ഞു ആന്റണി പുന്നക്കാട്ടുശ്ശേരി- സെന്റ് സെബാസ്റ്റിൻ തോപ്പുംപടി
8. സാം ആന്റണി കോച്ചേരി - സെന്റ് തോമസ് മൂർ പള്ളുരുത്തി
9. വില്ല്യംസ് കാളിപറമ്പിൽ - സെന്റ് പീറ്റേഴ്സ് കുമ്പളങ്ങി
10. യേശുദാസ് എട്ടുങ്കൽ - സാന്താക്രൂസ് പെരുമ്പടപ്പ്
11. ജോസഫ് ബെനസ്റ്റ് ചക്കാലക്കൽ - സെന്റ് പീറ്റേഴ്സ് കുമ്പളങ്ങി

### ഒന്നാം വർഷം പ്ലസ് ടു

1. ജെയിക്കബ് നിക്സൺ തൈക്കൂട്ടത്തിൽ - സാന്താക്രൂസ് പെരുമ്പടപ്പ്
2. യേശുദാസ് തോപ്പിൽ - സെന്റ് മേരീസ് തങ്കി
3. റിനോയ് ജോസഫ് ബാവക്കാട്ട് - ഹോളി ഫാമിലി നസ്രത്ത്
4. ക്ലീഫിൻ ആലത്തറ - ഔവർ ലേഡി ഓഫ് ഫാത്തിമ കോടംതുരുത്ത്
5. ആന്റണി ബെൻ ജെയിക്കബ് മാളിയേക്കൽ - സെന്റ് ലോറൻസ് ഇടക്കൊച്ചി
6. ജോസഫ് ഷെൽസൺ - ഹോളി ഫാമിലി നസ്രത്ത്
7. സഫിൻ സെബാസ്റ്റിൻ അറക്കൽ - സെന്റ് സെബാസ്റ്റിൻ ചെല്ലാനം

ഫോർട്ടുകൊച്ചി മൗണ്ട്കാർമ്മൽ പെറ്റി സെമിനാരിയിൽ താഴെ പറയുന്നവർ ഡിഗ്രി പഠനം നടത്തുന്നു

## മൂന്നാം വർഷം ഡിഗ്രി വിദ്യാർത്ഥികൾ

1. അഗസ്റ്റിൻ ജോസി വാകപ്പാടത്ത് - സെന്റ് മാർട്ടിൻ ഡി പോറസ് കല്ലഞ്ചേരി
2. ജോയിസ് ചെറിയതയ്യിൽ - സെന്റ് ജോർജ് അർത്തുങ്കൽ
3. ലൂയിസ് പുളിക്കൽ - സെന്റ് ജോസഫ് ചുള്ളിക്കൽ
4. സനുപ് പുല്ലിടിശ്ശേരി - സെന്റ് മേരീസ് തങ്കി
5. ജോസഫ് അലോഷ്യസ് വിപിൻ മാളിയേക്കൽ - ഹോളി ഫാമിലി നസ്രത്ത്
6. ജോസഫ് വിഷാൽ മച്ചുങ്കൽ - സെന്റ് സെബാസ്റ്റിൻ ചെല്ലാനം
7. വിനിത് ജോർജ് നെല്ലിക്കൽ - സെന്റ് സെബാസ്റ്റിൻ തോപ്പുംപടി

## രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ

1. ആന്റണി ജോജി വലിയവീട്ടിൽ - ഔവർ ലേഡി ഓഫ് അസംപ്ഷൻ പൂങ്കാവ്
2. അഗസ്റ്റിൻ സിബി കിടങ്ങേത്ത് - സെന്റ് തോമസ് മൂർ പള്ളുരുത്തി
3. ബിനോയ് പോൾ പനച്ചിത്തറ - സേക്രട്ട് ഹാർട്ട് കുമ്പളങ്ങി
4. ജെയിക്കബ് ജോജോ കടവിപറമ്പിൽ - സെന്റ് ലൂയിസ് മുണ്ടംവേലി
5. ജോൺ സിബിൻ അഞ്ചുകണ്ടത്തിൽ - സെന്റ് ആന്റണീസ് അരൂക്കുറ്റി
6. ജോസ്പോൾ ചക്കാലക്കൽ - സെന്റ് സെബാസ്റ്റിൻ തോപ്പുംപടി
7. ജോസ്മോൻ പുന്നക്കൽ - സാന്താക്രൂസ് പെരുമ്പടപ്പ്
8. ലിനേഷ് സേവ്യർ അറക്കൽ - സെന്റ് അഗസ്റ്റിൻസ് അരൂർ
9. ടെരുൺ ജോർജ് അറക്കൽ - സെന്റ് അഗസ്റ്റിൻസ് അരൂർ

## ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ

1. എഡ്രിൻ ജോൺ ഡിസൂസ - സെന്റ് മേരീസ് ഇടക്കൊച്ചി
2. ഫ്രാൻസീസ് നിധിൻ കൊച്ചുവീട്ടിൽ - സാന്താക്രൂസ് പെരുമ്പടപ്പ്
3. ഫ്രാൻസീസ് പ്രിൻസ് പുളിമൂട്ടിപറമ്പിൽ - സെന്റ് ജോസഫ് ചുള്ളിക്കൽ
4. ഫ്രാൻസീസ് ടിനു തൊമ്മശ്ശേരി - സെന്റ് ആന്റണീസ് കണ്ണമാലി
5. ഗ്ലാഡ്വിൻ ജോസഫ് ചേർത്തലക്കൽ - ഇമ്മാക്കുലേറ്റ് കൺസപ്ഷൻ എഴുപുന്ന
6. ജോൺസൺ ശിവാട്ടുതറ - ഔവർ ലേഡി ഓഫ് അസംപ്ഷൻ പൂങ്കാവ്





7. ജോസഫ് മിജേഷ് തഴുപ്പിൽ - സേക്രട്ട് ഹാർട്ട് കുമ്പളങ്ങി
8. ജോസഫ് സോബിഷ് നാങ്കേരിൽ - സെന്റ് ജോസഫ് കുമ്പളങ്ങി
9. പ്രിൻസ് ജോസ് മാളിയേക്കൽ - സെന്റ് സെബാസ്റ്റിൻ തോപ്പുംപടി
10. നോബിൻ രാമച്ചംക്കുഴി - ഹോളി ഫാമിലി നസ്രത്ത്
11. പാട്രിക് സനുപ് മാളിയംവീട്ടിൽ - സെന്റ് ആന്റണീസ് അരൂക്കുറ്റി
12. സെൽജൻ മേത്യു കുറുപ്പശ്ശേരി - സെന്റ് പീറ്റേഴ്സ് കുമ്പളങ്ങി
13. വർഗ്ഗീസ് ലിജോ ആലത്തറ - സെന്റ് ജോസഫ് വല്ലേത്തോട്
14. യേശുദാസ് അമ്മൽ ചിറയിൽ - സാന്താക്രൂസ് പെരുമ്പടപ്പ്

## റിജെൻസി ബ്രദേഴ്സ്

അഭിവന്ദ്യ പിതാവ്, തത്ത്വശാസ്ത്ര പഠനം കഴിഞ്ഞ് റിജെൻസി ചെയ്യുന്ന വരെ രൂപതാ മൈനർ സെമിനാരിയിൽ നിയമിച്ചു.

1. അനീഷ് ആന്റണി ബാവക്കാട്ട് - സെന്റ് സേവ്യഴ്സ് സ്റ്റഡി ഹാസ്, കുമ്പളം
2. ജെറിൻ ജോർജ് എത്തോതറ - മൗണ്ട് കാർമെൽ പെറ്റിറ്റ് സെമിനാരി, ഫോർട്ട്കൊച്ചിൻ
3. സാമുവൽ പുളിക്കൽ - ഹോളി ക്രോസ് സ്റ്റഡി ഹൗസ്, ആലുവാ

രൂപതയ്ക്കുവേണ്ടി ആലുവാ കാർമെൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, പൂനെ പേപ്പൽ സെമിനാരി, ബാംഗ്ലൂർ സെന്റ് ജോസഫ്സ് സെമിനാരി എന്നിവിടങ്ങളിലായി താഴെ പറയുന്നവർ തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

തത്ത്വശാസ്ത്ര പഠനം നടത്തുന്നവർ - സെന്റ് ജോസഫ് സെമിനാരി കർമ്മൽഗിരി - ആലുവ

## ഒന്നാം വർഷം

1. അരുൺ സേവ്യർ അറക്കൽ - സെന്റ് സെബാസ്റ്റ്യൻസ് ചെല്ലാനം
2. ഫ്രാൻസിസ് ജെയ്ഫിൻ ദാസ് കട്ടിക്കാട്ട് - സെന്റ് സെബാസ്റ്റ്യൻസ് ചെല്ലാനം
3. സനീഷ് പുളിക്കേപറമ്പിൽ - സാന്റാക്രൂസ് പെരുമ്പടപ്പ്
4. ഷിനോജ് പി. ഫിലിപ്പ് പുന്നക്കൽ - സെന്റ് മേരീസ്, തങ്കി

**രണ്ടാം വർഷം**

1. ജോസഫ് അജിൻ ചാലാപ്പിള്ളി - സെന്റ് ജോസഫ്സ് വല്ലേത്തോട്
2. ജോഷ്മോൻ കോച്ചേരി - ഹോളി ഫാമിലി നസ്രത്ത്
3. ജോർജ് ആഷ്ലി കുത്തുകാട്ട് - സെന്റ് തോമസ് മൂർ പള്ളുരുത്തി
4. ജോസഫ് ലിജേഷ് കാളിപറമ്പിൽ - സെന്റ് സെബാസ്റ്റിൻസ് ചെല്ലാനം
5. മെൽറ്റസ് കൊല്ലശ്ശേരി - സാന്റാക്രൂസ് പെരുമ്പടപ്പ്
6. പോൾസൺ കൊച്ചുതറ - സെന്റ് മേരീസ് ചന്തിരൂർ

**പൂനെ പേപ്പൽ സെമിനാരി – ആദ്യവർഷ തത്ത്വശാസ്ത്രം**

1. പോൾ പി. യേശുദാസ് പള്ളിപറമ്പിൽ - സാന്റാക്രൂസ് ബസലിക്ക, ഫോർട്ട്കൊച്ചിൻ
2. ജെയ്ക്കബ് തുണ്ടത്തിൽ - സെന്റ് ജോർജ് അർത്തുങ്കൽ

താഴെ പറയുന്നവർ ആലുവാ കാർമെൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രപഠനം നടത്തുന്നു.

**രണ്ടാം വർഷം**

1. ബ്രദർ ജിബിൻ കരിമ്പുറത്ത് - സെന്റ് ആന്റണീസ്, കണ്ണമാലി
2. ബ്രദർ ഗാസ്പർ പെരുവേലി - സെന്റ് മേരീസ്, തങ്കി
3. ബ്രദർ പ്രിൻസ് പുത്തൻ ചക്കാലക്കൽ - സെന്റ് പീറ്റേഴ്സ്, കുമ്പളങ്ങി
4. ബ്രദർ പ്രതീഷ് ആന്റണി ചുള്ളിക്കൽ - സെന്റ് അഗസ്റ്റിൻസ്, അരൂർ

**നാലാം വർഷം**

1. ബ്രദർ ജോമോൻ പൂന്തറ - സെന്റ് ലോറൻസ് ഇടക്കൊച്ചി
2. ബ്രദർ ആന്റണി തൈവീട്ടിൽ - സെന്റ് മേരീസ് തങ്കി
3. ബ്രദർ ഡേവിഡ് നാനാട്ട് - സെന്റ് മേരീസ് തങ്കി
4. ബ്രദർ ജോസഫ് സിജു പാലിയത്തറ - സെന്റ് മേരീസ് തങ്കി





**സെന്റ് ജോസഫ്സ് സെമിനാരി ബാംഗ്ലൂർ**

സെബാസ്റ്റ്യൻ പനച്ചിക്കൽ - രണ്ടാം വർഷം - സെന്റ് ജോർജ് അർത്തുങ്കൽ

**ഊർബൻ കോളേജ് റോം ഇറ്റലി**

1. ചിൽട്ടൻ ജോർജ് ഫെർണാണ്ടസ് - ഹോളി ഫാമിലി നസ്രത്ത്
2. ജോഷി ഏലശ്ശേരി - സെന്റ് ജോർജ് അർത്തുങ്കൽ

**കാർപ്പി രൂപതാ സെമിനാരി ഇറ്റലി**

1. ആനന്ദ് ആന്റണി നികർത്തിൽ - സെന്റ് സെബാസ്റ്റിൻ നീണ്ടകര
2. സേവ്യർ കണ്ണേഴത്ത് - സെന്റ് സേവ്യഴ്സ് എരമല്ലൂർ

**ഇൻസ്ബ്രൂക്ക് സെമിനാരി ഓസ്ട്രിയാ**

1. മാർട്ടിൻ വാകപ്പാടത്ത് - സെന്റ് മാർട്ടിൻ ഡി പോറസ്സ് കല്ലഞ്ചേരി

**ഔസ്ബ്യർഗ് രൂപതാ സെമിനാരി ജർമ്മനി**

1. ഫ്രാൻസീസ് സേവ്യർ കവലക്കൽ - സെന്റ് ജോസഫ് ചിറക്കൽ

✤

# ആശംസകൾ



01-07-2007-ൽ 75-ാം ജന്മദിനം ആഘോഷിക്കുന്ന

**വെരി. റവ. മോൺ. മാത്യു വലിയപറമ്പിലിന്**

**പ്രാർത്ഥനാപൂർവ്വം ആശംസകൾ**

**നേരുന്നു**





# "ചുമര് പണിത് ചിത്രമെഴുതിയവൻ" 75 വയസ് തികയുന്ന മോൺ. മാത്യു വലിയപറമ്പിൽ

**ഫാ. പയസ് പഴേരിക്കൽ**
സെന്റ് സെബാസ്റ്റിൻ പള്ളി, ചെല്ലാനം

**മോ**ൺ. മാത്യു വലിയപറമ്പിലിന് 2007 ജൂലൈ 1 ന് 75 വയസ് പൂർത്തിയാകുകയാണ്. 48 വർഷം ദീർഘിച്ച പൗരോഹിത്യ ശുശ്രൂഷയിലൂടെ ജനത്തിന്റെ ആത്മീയവും, ഭൗതികവുമായ ഉന്നതിക്കായി സ്വയം സമർപ്പിച്ച ആ വന്ദ്യപുരോഹിതന്റെ മുമ്പിൽ രൂപത ഒന്നടങ്കം പ്രണമിക്കുന്നു.

1982 ഡിസംബർ 20 ന് വൈദികപട്ടം സ്വീകരിച്ച ഞാൻ 1983 ജനുവരി 8-ാം തീയതി കോട്ടപ്പള്ളിയിൽ എന്റെ എളിയ ശുശ്രൂഷ ആരംഭിച്ച അന്നുമുതൽ മാത്യു അച്ചനുമായി അടുത്തു ബന്ധപ്പെടുവാൻ ഇടയായി. എന്റെ മുറിയുടെ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്ന അദ്ദേഹം ഉച്ചയ്ക്ക് ഭക്ഷണത്തിനു ശേഷം ഒന്നു വിശ്രമിക്കാനായി മുറിയിൽ കയറി വാതിലടച്ചു കഴിയുമ്പോഴേക്കും എന്തെങ്കിലും സഹായത്തിനായി പലരും വന്നുമുട്ടും. കുറെയൊക്കെ ഈർഷ്യയോടെയാണെങ്കിലും അരമണിക്കൂർവരെ അവരോട് സംസാരിച്ച് പറഞ്ഞുവിടുന്ന അനുഭവം എന്നിൽ ഏറെ സഹതാപം ഉണർത്തിയിട്ടുണ്ട്. അച്ചന്റെ ഒരു സ്ഥിരം പല്ലവി ഞാൻ ഓർക്കുകയാണ്. "എന്റെ മോളെ, എന്റെയും കൂടെ ജോലി ചെയ്യുന്നവരുടെയും ശമ്പളത്തിൽനിന്നെടുത്താണ് പലപ്പോഴും നിങ്ങൾക്കൊക്കെ എന്തെങ്കിലും സഹായം തരുന്നത്. വരുന്നവർക്കൊക്കെ വേണ്ട വിധത്തിൽ സഹായിക്കാൻ ആരും ഒരു പൈസയും ഇവിടെ ഏൽപിച്ചിട്ടില്ല." ഇതു മനഃപാഠമാക്കിയിരുന്ന ഞാൻ 1984-ൽ കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഇടവകയിൽ പെട്ട ഒരു കുട്ടിക്ക് കുറുനാക്ക് സംബന്ധമായ ഒരു ഓപ്പറേഷന് സഹായത്തിന് അച്ചനെ കാണാൻ ചെല്ലുമ്പോൾ ആദ്യമെ കയറിപ്പറഞ്ഞു.

ഓപ്പറേഷനുമാത്രം രണ്ടായിരം രൂപ ചെലവുവരും. നമുക്ക് ഏതെങ്കിലും ഏജൻസിയുമായി ബന്ധപ്പെട്ട് ഒരു സഹായം സംഘടിപ്പിക്കാൻ കഴിയുമോ? എന്നാൽ എന്നിൽനിന്നും മുഖം തിരിച്ച് കൂടെ വന്നയാളുടെ നേരെ നോക്കി എന്റെ മകനെ........ എന്ന പല്ലവി അദ്ദേഹം ആവർത്തിക്കുകതന്നെ ചെയ്തു. എന്നിരുന്നാലും അദ്ദേഹം കരിത്താസ് ഇന്ത്യ വഴി 1000 രൂപ അവർക്ക് നൽകി.

അച്ചനുമായി അടുപ്പവും, സ്നേഹവുമായിരിക്കുമ്പോഴും അദ്ദേഹത്തെ വിമർശിക്കുന്നതിൽ യാതൊരു കുറവും ഞാൻ വരുത്തിയിരുന്നില്ല. കോഡി ഇന്റർനാഷണൽ സെമിനാറിൽ നടന്ന ചൂടുറ്റ വാദപ്രതിവാദങ്ങൾ ഇന്നും മനസിൽ പച്ചപിടിച്ചു നിൽക്കുന്നു. എന്നാൽ വിമർശിക്കുന്നവരെ വെറുക്കുവാനോ ഒഴിവാക്കുവാനോ അദ്ദേഹം സന്നദ്ധനായിരുന്നില്ല. ഞാൻ കുമ്പളത്ത് വികാരിയായിരുന്ന അവസരത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള സാമൂഹ്യസേവന പ്രവർത്തനത്തിന് ഊടും പാവുമായി വർത്തിക്കുന്ന വൈഡ്സിന്റെ ആദ്യയൂണിറ്റ് അവിടെ തുടങ്ങുവാൻ അദ്ദേഹം ഒരുമ്പെട്ടതുതന്നെ ഇതിന് ഏറ്റവും നല്ല തെളിവാണ്.

മാത്യു അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ഏറ്റവും ധന്യമാർന്ന നാളുകൾ സാമൂഹ്യ സേവന രംഗത്ത് അദ്ദേഹം ചെലവഴിച്ച ദിനങ്ങളായിരുന്നു. ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ സ്ഥാനം നിർണ്ണയിക്കുമ്പോൾ "ചുമർ പണിത് ചിത്രമെഴുതിയവ"ന്റെ രൂപമാണ് എന്റെ മനസിൽ നിറഞ്ഞുനിൽക്കുന്നത്.

1932 ജൂലൈ 1-ാം തീയതി വലിയ പറമ്പിൽ ബാപ്പു - ബ്രിജീത്ത ദമ്പതികളുടെ 6 മക്കളിൽ അഞ്ചാമനായി പിറന്ന മാത്യു, ചെല്ലാനത്തും കുമ്പളങ്ങിയിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ഒരു വൈദികൻ ആയിത്തീരണമെന്നുള്ള ആഗ്രഹം കൊച്ചി മെത്രാനെ അറിയിച്ചതിനെത്തുടർന്ന് ആലപ്പുഴ സേക്രട്ട് ഹാർട്ട് പെറ്റിസെമിനാരിയിൽ വൈദിക വിദ്യാർഥിയായി സ്വീകരിക്കപ്പെടുകയും, പെറ്റിസെമിനാരി പരിശീലനത്തിനു ശേഷം ആലുവ മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്രവും, ദൈവശാസ്ത്രവും അഭ്യസിച്ചു. 1959 മാർച്ച് 12-ാം തീയതി





വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1959 മുതൽ 66 വരെ അരൂർ, നസ്രത്ത്, സാന്റക്രൂസ് കത്തീഡ്രൽ എന്നിവിടങ്ങളിൽ അസ്തേന്തിയായി സേവനം അനുഷ്ഠിച്ച മാത്യു അച്ചൻ 1968 മുതൽ 1976 വരെ എരമല്ലൂരും, മുണ്ടംവേലിയിലും വികാരിയായി സേവനമനുഷ്ഠിച്ചു.

കുരീത്തറ പിതാവ് കൊച്ചി രൂപതയുടെ സാരഥ്യം ഏറ്റെടുത്ത തിനുശേഷം 1976-ൽ നടത്തിയ ട്രാൻസ്ഫറിൽ അദ്ദേഹത്തെ നസ്രത്ത് വികാരിയായി നിയമിച്ചതോടൊപ്പം കൊച്ചി രൂപതയുടെ സാമൂഹ്യസേവന കേന്ദ്രമായ "കൊച്ചിൻ സോഷ്യൽ സർവീസ് സൊസൈറ്റി"യുടെ ചുമതലയും കയ്യേൽപിച്ചു. 1979 -81 വരെ അരൂർ വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ 1981 -92 വരെ കത്തീഡ്രൽ മേടയിൽ താമസിച്ചുകൊണ്ട് (ആ കാലയളവിൽ ഈരവേലി കോൺവെന്റിൽ ചാപ്ലിനായി പ്രവർത്തിച്ചിരുന്നു) സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മുഴുവൻ സമയ ചുമതലക്കാരനായി.

മാത്യു അച്ചൻ സൊസൈറ്റിയുടെ ചുമതല ഏൽക്കുമ്പോൾ സാമൂഹ്യസേവന പ്രവർത്തനരംഗത്ത് ആകെയുണ്ടായിരുന്നത് ബിഷപ്പ് എടേഴത്ത് ജൂബിലി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ്. പറഞ്ഞുകേട്ട അറിവ് അതിനുമുമ്പ് രൂപതാ പ്രൊക്യുറേറ്റർ തന്നെയാണ് കാത്തലിക് ആക്ഷൻ ഡയറക്ടർ എന്ന പദവികൂടി വഹിച്ചിരുന്നത് എന്നത്രേ. കാരിത്താസിൽ നിന്നും കിട്ടുന്ന ദുരിതാശ്വാസ സഹായവും തുണിയും, പാൽപ്പൊടിയും മറ്റും ഇടവകകളിലേക്ക് വീതിച്ചുകൊടുക്കുന്ന ജോലി മാത്രമേ അദ്ദേഹം നിർവഹിച്ചിരുന്നുള്ളൂ.

ചാർജെടുക്കുമ്പോൾ മാത്യു അച്ചന് ഐ.റ്റി.ഐ.യുടെ ഓഫീസ് മുറി മാത്രമാണ് ഉപയോഗിക്കാൻ ഉണ്ടായിരുന്നത്. ആയിടയ്ക്ക് തോപ്പുംപടിയിൽ വാങ്ങിയ സ്ഥലത്തുള്ള പഴയ കെട്ടിടത്തിൽ സി.എസ്.എസ്.എസ്.നായി ഒരു ഓഫീസ് തുറന്നു. മുണ്ടംവേലിയിൽവച്ച് അദ്ദേഹം പരിചയപ്പെട്ട, ഗവൺമെന്റ് അഡീഷനൽ സെക്രട്ടറി പദംവരെ എത്തി വിരമിച്ച എ.ജി. തോമസ് അത്തിപ്പൊഴിയെ തന്റെ ഓഫീസിന്റെ ഭരണച്ചുമതല ഏൽപിച്ചു.

തുടർന്ന് രൂപതയിൽ സംഭവിച്ചത് സാമൂഹ്യ പ്രവർത്തനങ്ങളുടെ ഒരു മഴവെള്ളപ്പാച്ചിലായിരുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

അഭിവന്ദ്യ കുരീത്തറ പിതാവിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് രൂപതയുടെ ഭൗതികമായ ഉന്നമനത്തിനായി ദ്വിമുഖ പരിപാടിയാണ് ആവിഷ്ക്കരിക്കപ്പെട്ടത്. കുടുംബങ്ങളുടെ സുസ്ഥിതി ഉറപ്പുവരുത്തുന്നതിനായി തൊഴിലധിഷ്ഠിതമായ പ്രോജക്ടുകൾ നടപ്പിൽ വരുത്തുന്നതോടൊപ്പം ഗ്രാമപ്രദേശങ്ങളുടെ സമഗ്രമായ വികസനം ഉന്നം വച്ചുകൊണ്ട് ആശുപത്രികളും കോൺവെന്റുകളും, തൊഴിൽ സ്ഥാപനങ്ങളും, വിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു. ആദ്യത്തെ വിഭാഗത്തിലെ പരിപാടികൾ പൂർണ്ണമായും സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കിയപ്പോൾ രണ്ടാമത്തെ വിഭാഗത്തിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് അദ്ദേഹത്തിന്റെ കഠിനമായ പ്രയത്നം ഉൾച്ചേർന്നിരുന്നു.

ഏറ്റവും ദരിദ്രമായ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച "സേവ് എ ഫാമിലി" പ്രൊജക്ട് മാത്യു അച്ചന്റെ ഉൽസാഹത്തിലാണ് രൂപതയിൽ നടപ്പിലായത്. ഇന്ന് കേരളത്തിൽ കുഷ്ഠരോഗം പൂർണമായും നിർമാജനം ചെയ്യപ്പെടുന്നതിന് ആദികാരണമായിതീർന്ന അന്താരാഷ്ട്ര പ്രശസ്തമായ "കൾട്ടസ്" നിർമ്മിക്കുന്നതിന് കുരീത്തറ പിതാവിന് വലംകയ്യായി നിന്നതും, ദീർഘകാലം അതിന്റെ ഡയറക്ടറായി പ്രവർത്തിച്ചതും മറ്റാരുമല്ലതന്നെ.

അച്ചനോടൊപ്പം സാമൂഹ്യസേവന രംഗത്ത് പിച്ചവച്ച് നടന്നുകയറിയ രൂപതയിലെ വൈദികവൃന്ദത്തിന് ആവശ്യം വേണ്ട ബോധവൽക്കരണവും, പരിശീലനവും നൽകുന്നതിന് കാനഡ ആസ്ഥാനമായുള്ള "കോഡി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ" ആഭിമുഖ്യത്തിൽ തുടർച്ചയായി 2 വർഷം ഒരാഴ്ച നീണ്ടുനിൽക്കുന്ന സെമിനാറുകൾ അദ്ദേഹം സംഘടിപ്പിക്കുകയുണ്ടായി. സ്വയം സജ്ജമാകുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ 6 മാസം നീണ്ടുനിന്ന ഒരു കോഴ്സിൽ സംബന്ധിച്ച് അദ്ദേഹം പരിശീലനം നേടുകയും ചെയ്യും.

യശഃശരീരനായ എം.എം. ഗോവിന്ദൻ നായരുടെ സ്വപ്ന പദ്ധതിയായ ലക്ഷംവീട് നിർമാണം ഒരു പരാജയമായതിനെ തുടർന്ന് എൺപതുകളിൽ മന്ത്രി പി.ജെ. ജോസഫ് ആവിഷ്കരിച്ച് നടപ്പിലാക്കിയ, സർക്കാരും വൊളന്റ്റി ഏജൻസിയും,





ഉപഭോക്താവും സംയുക്തമായി സഹകരിക്കുന്ന ഭവന നിർമാണ പദ്ധതി രൂപതയിൽ ഏറ്റെടുത്തു നടത്തുവാൻ അദ്ദേഹം മുന്നോട്ടു വന്നു. ഒപ്പംതന്നെ സൊസൈറ്റി നേരിട്ടു നടത്തിയ പല തൊഴിൽ സ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകുന്നതിന് വിഷമം നേരിട്ട അവസരത്തിൽ ചിറ്റിലപ്പള്ളി കൊച്ചൗസേപ്പിന്റെ ഉടമസ്ഥതയിലുള്ള വി-ഗാർഡ് ഇൻഡസ്ട്രീസുമായി സഹകരിച്ച് ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്ന തൊഴിൽസ്ഥാപനങ്ങൾ കെട്ടിയുയർത്തിയതും അദ്ദേഹംതന്നെ.

രൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങൾ ഇടവക വികാരിയുടെയും, ഏതാനും കമ്മറ്റിക്കാരുടെയും മാത്രം ചുമതലയിൽ നടത്തപ്പെട്ടിരുന്ന അവസ്ഥയിൽ പല പ്രോജക്ടുകളും ലക്ഷ്യം കാണാതെ വന്നപ്പോൾ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടത്തുന്നതിന് അദ്ദേഹം ആവിഷ്ക്കരിച്ചതും ഇന്ന് രൂപതയെ ആകമാനം ചലനത്മകമാക്കി തീർത്തതും സ്ത്രീകളെ കുടുംബ ത്തിനകത്തുനിന്നും പുറത്തേക്ക് കൊണ്ടുവന്ന് സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിന് പ്രാപ്തരുമാക്കിയ "വനിത സമഗ്രവികസന സമിതി" (വൈഡ്സ്) അദ്ദേഹത്തിൽനിന്നും രൂപതയ്ക്കു ലഭിച്ച ഏറ്റവും വലിയ സംഭാവനയാകുന്നു.

ഇതുപോലെയുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുന്നതിനും അദ്ദേഹം ഉൽസുകനായിരുന്നു. ഒപ്പംതന്നെ ഇതിനാവശ്യമായ റിസോഴ്സ്പേഴ്സൺ ഉൾപ്പെടെ നാൽപ്പതോളം വരുന്ന വിപുലമായ സ്റ്റാഫിനെയും അദ്ദേഹം വാർത്തെടുത്തു. ഇക്കാലയളവിൽ ജൂബിലി കോമ്പൗണ്ടിൽ സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിന് ആവശ്യമായ ഒരു ഓഫീസ് ശൃംഖലയും കോൺഫറൻസ് ഹാളും സ്ഥാപിച്ചു.

ആദ്യമായി വികാരിയായിരുന്ന എരമല്ലൂരിൽ ഒരു പുതിയ ദേവാലയം നിർമ്മിച്ചതിനു പുറമെ, ഈ തിരക്കിനിടയിലും അദ്ദേഹം സേവനമനുഷ്ഠിച്ച ഇടങ്ങളിൽ ആവശ്യമായ പള്ളിമേടകളും മറ്റു സ്ഥാപനങ്ങളും പണിയുന്നതിനും സമയം കണ്ടെത്തി. അദ്ദേഹം ആവിഷ്കരിച്ച പല പദ്ധതികളും സ്വന്തം ഇടവകയിൽ പ്രാവർത്തികമാക്കുവാനും നിഷ്കർഷ പുലർത്തി.

മാത്യു അച്ചന്റെ അത്യുദാത്തമായ ശുശ്രൂഷയെ അംഗീകരിച്ചു കൊണ്ട് 1991 ജനുവരി 10-ാം തീയതി ജോൺപോൾ രണ്ടാമൻ പാപ്പ "മൊൺസിഞ്ഞോർ പദവി" നൽകി അദ്ദേഹത്തെ ആദരിച്ചു.

1992-ൽ സൊസൈറ്റിയിലെ തന്റെ സേവനം അവസാനിപ്പിച്ച അദ്ദേഹം മട്ടാഞ്ചേരി പള്ളിയിൽ വികാരിയായി നിയമിതനായി. എന്നാൽ അദ്ദേഹത്തിന്റെ വിപുലമായ അനുഭവജ്ഞാനവും പ്രായോഗികക്ഷമതയും അനുഭവിച്ചറിഞ്ഞ ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ സാമൂഹ്യസേവന കേന്ദ്രമായ കാരിത്താസ് ഇന്ത്യയുടെ അധികാരികൾ തൊട്ടടുത്തവർഷം ടി സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടറായി മൊൺസിഞ്ഞോറിനെ അവരോധിച്ചു. 7 വർഷത്തോളം തൽസ്ഥാനത്ത് പ്രവർത്തിച്ച അദ്ദേഹം രണ്ടായിരമാണ്ടിൽ രൂപതയിൽ തിരിച്ചെത്തുകയും വീണ്ടും മട്ടാഞ്ചേരി ഇടവകയിൽ വികാരിയായി നിയമിതനാകുകയും ചെയ്തു. പ്രായം എഴുപതോടടുത്ത അവസ്ഥയിലും കൂനൻകുരിശിനോടനുബന്ധിച്ച് അദ്ദേഹം പടുത്തുയർത്തിയ കലാസൗഭഗമാർന്ന ചാപ്പൽ, അദ്ദേഹത്തിൽ നിറഞ്ഞുനിൽക്കുന്ന യുവത്വവും, ഭാവനാശക്തിയും ഔചിത്യബോധവും വെളിവാക്കുന്നതാണ്.

2006 ജനുവരിയിൽ പള്ളുരുത്തി സെന്റ് തോമസ്മൂർ ഇടവക വികാരിയായി നിയമിതനായ അദ്ദേഹം 2007 ജൂലൈ 1-ാം തീയതി 75 വയസ് പൂർത്തിയാക്കുന്നതോടൊപ്പം തന്റെ അജപാലനദൗത്യവും പൂർത്തീകരിക്കുകയാണ്.

ജനങ്ങളെ അറിഞ്ഞു ശുശ്രൂഷിച്ച ഒരു നല്ല ഇടയൻ, കൊച്ചി രൂപതയുടെ സാമൂഹ്യ പ്രവർത്തന സ്ഥാപനത്തിന്റെ അസ്ഥിവാരം തീർത്തയാൾ, ഒപ്പംതന്നെ സ്നേഹമസൃണവും എളിമയുള്ളതുമായ ഒരു ജീവിതശൈലിയിലൂടെ അധികാരികൾക്കും, സഹ വൈദികർക്കും, ജനങ്ങൾക്കും ഏറ്റം പ്രിയങ്കരൻ എന്നിങ്ങനെ കൊച്ചി രൂപതയുടെ ചരിത്രത്താളുകളിൽ സ്വന്തം സ്ഥാനം കൃത്യമായി ഉറപ്പിച്ച് തന്റെ ശുശ്രൂഷ പൂർണതയിൽ എത്തിക്കുന്ന അഭിവന്ദ്യ മോൺ. മാത്യു വലിയപറമ്പിലിന് അദ്ദേഹത്തിന്റെ മാതൃ ഇടവകയായ ചെല്ലാനത്തെ വികാരിയെന്ന നിലയിൽ അത്യധികം സന്തോഷത്തോടും അഭിമാനത്തോടുംകൂടി എല്ലാഭാവുകങ്ങളും, ദൈവാനുഗ്രഹവും, ആയുരാരോഗ്യവും നേർന്നുകോള്ളുന്നു. ❁





### ജൂബിലിവർഷചിന്തകൾ

# ജൂബിലിയുടെ വിശ്വാസദർശനം

ഫാ. ഗാസ്പർ

**അ**സ്തിത്വ ദർശനം മതാത്മകതയുടെ വഴിയും ലക്ഷ്യവുമാക്കി അവതരിപ്പിച്ച ഡാനിഷ് ചിന്തകൻ സോറൻ കീർക്കഗാദ് മുന്നോട്ടുവച്ച വിശ്വാസത്തെക്കുറിച്ചുള്ള ദർശനങ്ങൾ സാഹിത്യ വിമർശകനായ ജാമി ഫെറെറേ പഠനവിധേയമാക്കുന്നുണ്ട്. അബ്രാഹത്തെ വിശ്വാസത്തിന്റെ പിതാവെന്നു വിളിക്കുന്ന വിശ്വാസ പാരമ്പര്യങ്ങൾ, അബ്രാഹാമിന്റെ ഉറപ്പുള്ള തുടക്കമായി വിശ്വാസത്തെ പരിഗണിക്കുന്നവയാണെന്ന് ജാമി ചൂണ്ടിക്കാണിക്കുന്നു. ഇത് വിശ്വാസത്തെ സംബന്ധിച്ച മികച്ചധാരണയാകണമെന്നില്ല എന്നദ്ദേഹം പറയുന്നു. ജലത്തിൽ ജീവിക്കുന്ന മത്സ്യം ജലമെന്താണെന്ന് അറിഞ്ഞശേഷമല്ല, ജലത്തിലെ തന്റെ അസ്തിത്വം തിരിച്ചറിയുന്നത്. മത്സ്യത്തെ സംബന്ധിച്ച് ജലവും അസ്തിത്വവും ഒന്നുതന്നെ.

അതുപോലെ, അബ്രാഹാമിന്റെ അസ്തിത്വം വിശ്വാസത്തിലും വിശ്വാസത്തിലൂടെയുമാണ്. വിശ്വാസത്തെ അറിഞ്ഞ അബ്രാഹാമല്ല വിശ്വാസത്തിലൂടെ തന്റെ അസ്തിത്വത്തെ നിരന്തരാന്വേഷണ വിധേയമാക്കുന്ന അബ്രാഹാമേയുള്ളൂ. വിശ്വാസത്തിന്റേതല്ലാത്ത അസ്തിത്വം അബ്രാഹാമിനില്ല. ഒരു പക്ഷേ, 'അബ്രാമി'നുണ്ടായിരിക്കാം. 'അബ്രാഹാമി'ന്റെ അവസ്ഥ 'അബ്രാമി'ലൂടെ അറിയുക സാധ്യമല്ല.

അബ്രാഹാം നടത്തുന്നത് 'Leap of Faith' അല്ല 'Leap into Faith' ആണ്. അസ്തിത്വം വിശ്വാസത്തിലൂടെ നിരന്തരം രൂപപ്പെടുകയാണ്. അടുത്തനിമിഷം വിശ്വാസത്തിന്റെ നിമിഷമാണ്. അത് നിരന്തരമായ പീഡയും വേദനയുമാണ്. ഒരാളുടെ അസ്തിത്വം വിശ്വാസത്താൽ നിരന്തരം നവീകരിക്കപ്പെടുന്നു. അത് കാൽവരി മലയേറ്റം പോലെ സഹനത്തെ പുൽകുന്നതാണ്.

ജൂബിലിയിൽ ഇത്തരമൊരു ആത്മാന്വേഷണമുണ്ട്. വിശ്വാസം ഒരു ഭൂപടം പോലെ. ഇനിയും കണ്ടെത്തേണ്ട വഴികളും നീന്തേണ്ട പുഴകളും കയറേണ്ട മലകളും താണ്ടേണ്ട മരുഭൂമികളുമെല്ലാമുള്ള ഒരു ഭൂപടം. ജൂബിലിയുടെ ആഘോഷങ്ങൾക്ക് അസ്തിത്വത്തിന്റെ നിരന്തരമായ അന്വേഷണമെന്നും കണ്ടെത്തലെന്നും കൂടി അർത്ഥമുണ്ടാകാം. ✤

## ജൂബിലിവർഷ പരിപാടികൾ - ജൂലൈ

### രൂപതാതലം

20 - 22 - "യോബേൽ 2007" : യുവജന നേതൃത്വ പരിശീലന ക്യാമ്പ്

**ഇടവകതലങ്ങളിൽ**

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 1 | ജീവമാതാ, മട്ടാഞ്ചേരി | സൗജന്യ നോട്ട് ബുക്ക് വിതരണം |
| 1 | സെൻ്റ് ജോസഫ്, ചെറിയകടവ് | രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ് |
| 1 | സെൻ്റ് ഫ്രാൻസീസ് അസ്സീസി, കാട്ടിപ്പറമ്പ് | യുവജനദിനം |
| 1 | സെൻ്റ് തോമസ് മൂർ, പള്ളുരുത്തി | ജൂബിലിഭവന ആശീർവ്വാദവും താക്കോൽ ദാനവും |
| 1 | സെൻ്റ് ജോർജ്ജ്, അർത്തുങ്കൽ | യൂണിറ്റ് ഭാരവാഹികൾക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുമുള്ള സെമിനാർ |
| 1 - 31 | സെൻ്റ് ആൻ്റണീസ്, കണ്ണമാലി | Eco Friendly Parish - 1000 വൃക്ഷത്തൈ നടൽ |
| 1 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | യൂത്ത് സെമിനാർ |
| 1 | സെൻ്റ് മേരീസ്, ഇടക്കൊച്ചി | വൃദ്ധസംഗമം |
| 1 | സെൻ്റ് ജോസഫ്, കുമ്പളം | യുവജനസംഗമം |
| 1 | സെൻ്റ് അഗസ്റ്റിൻസ്, അരൂർ | പിതൃവേദി രൂപീകരണം |
| 1 | ഹോളി ഫാമിലി, നസ്രത്ത് | "കൈത്താങ്ങ്" : പഠനോപകരണ വിതരണം |
| 1 | സെൻ്റ് ജോസഫ്, കുമ്പളങ്ങി | മെരിറ്റ് ഈവ് |
| 1 | സാൻ്റാക്രൂസ് ബസിലിക്ക ഫോർട്ടുകൊച്ചി | യുവജനദിന സെമിനാർ |
| 4 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 8 - 13 | ,, | ആന്തരിക സൗഖ്യ വളർച്ച ധ്യാനം |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 8 | സെൻ്റ് ജോസഫ്, വല്ലാത്തോട് | യുവജനസംഗമം |
| 8 | സെൻ്റ് ലൂയീസ്, മുണ്ടംവേലി | വിധവസംഗമം |
| 8 | ജീവമാതാ, മട്ടാഞ്ചേരി | യൂത്ത് കൺവെൻഷൻ |
| 8 | സെൻ്റ് ജോസഫ്, ചെറിയകടവ് | യുവജനദിനം |
| 8 | സെൻ്റ് ഫ്രാൻസീസ് അസ്സീസി, കാട്ടിപ്പറമ്പ് | യുവജന സെമിനാർ |
| 8 | സെൻ്റ് സെബാസ്റ്റ്യൻസ്, പള്ളുരുത്തി | രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ് |
| 8 | സെൻ്റ് അഗസ്റ്റിൻസ്, അരൂർ | സാഹിത്യശില്പശാല |
| 8 | സെൻ്റ് ജോർജ്ജ്, അർത്തുങ്കൽ | യുവജനദിനം |
| 8 | സെൻ്റ് ജോസഫ്, ചുള്ളിക്കൽ | "വസന്തം": യുവജനസംഗമം |
| 8 | സെൻ്റ് പീറ്റേഴ്സ്, കുമ്പളങ്ങി | യുവജന സെമിനാർ & അവാർഡ് ദാനം |
| 8 | സെൻ്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | യുവജനദിനം |
| 8 | സെൻ്റ് മേരീസ്, ഇടക്കൊച്ചി | മെഡിക്കൽ ക്യാമ്പ് |
| 8 | ഹോളി ഫാമിലി, നസറത്ത് | "പ്രതീക്ഷ" : യൂത്ത് കൺവെൻഷൻ |
| 11 | സാൻ്റാക്രൂസ് ബസിലിക്ക, ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 14 - 15 | ,, | വ്യക്തിത്വ വികസന സെമിനാർ |
| 14 | സെൻ്റ് ഫ്രാൻസീസ് സേവ്യേഴ്സ്, വയലാർ | നേത്രചികിത്സക്യാമ്പ് |
| 15 | സെൻ്റ് മേരീസ്, തങ്കി | രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ് |
| 15 | സെൻ്റ് ജോസഫ്, ചെറിയകടവ് | നിയമബോധവത്ക്കരണ ക്ലാസ്സ് |
| 15 - 17 | സെൻ്റ് ഫ്രാൻസീസ് അസ്സീസി കാട്ടിപ്പറമ്പ് | ഗ്രാമദർശൻ ക്യാമ്പ് |
| 15 | സെൻ്റ് അഗസ്റ്റിൻസ്, അരൂർ | വനിതാ സെമിനാർ |
| 15 | ഇമ്മാക്കുലേറ്റ് കൺസപ്ഷൻ, എഴുപുന്ന | പഠനോപകരണ വിതരണം |
| 15 | സെൻ്റ് മേരീസ്, ഇടക്കൊച്ചി | പാചകവേദി |
| 15 | സെൻ്റ് പീറ്റർ & പോൾ, അമരാവതി | യുവജനസംഗമം |
| 15 | സെൻ്റ് ജോസഫ്, ചിറക്കൽ | തൊഴിലാളി സംഗമം |

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 16 | സാന്റാക്രൂസ് ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരിക സൗഖ്യ ധ്യാനം |
| 22 | സെന്റ് ജോസഫ്, ചുള്ളിക്കൽ | "സൗഹൃദം" വിധവകളുടെ കൂട്ടായ്മ |
| 22 | സാന്റാക്രൂസ്, പെരുമ്പടപ്പ് | ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള സെമിനാർ |
| 22 | സെന്റ് അഗസ്റ്റിൻസ്, അരൂർ | പാചക മത്സരം |
| 23-28 | സാന്റാക്രൂസ് ബസിലിക്ക ഫോർട്ടുകൊച്ചി | ദമ്പതിധ്യാനം |
| 25 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 26 | ,, | പഠനക്ലാസ്സ് |
| 28 | ,, | വിധവസംഗമം |
| 28 | സെന്റ് തോമസ് മൂർ, പള്ളുരുത്തി | യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ |
| 29 | സെന്റ് മേരീസ്, തങ്കി | നേത്രചികിത്സ ക്യാമ്പ് |
| 29 | സെന്റ് ലോറൻസ്, പള്ളുരുത്തി | യുവജനസെമിനാർ |
| 29 | സെന്റ് ജോസഫ്, ചെറിയകടവ് | യൂണിറ്റ് + സംഘടന ഭാരവാഹികളുടെ സംഗമം |
| 29 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | നവീകരണ ധ്യാനം |
| 29 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | യുവജന സെമിനാർ |
| 29 | സെന്റ് ലോറൻസ്, ഇടക്കൊച്ചി | ദമ്പതീസംഗമം |
| 29 | സെന്റ് അഗസ്റ്റിൻസ്, അരൂർ | പഴം, പച്ചക്കറി സംസ്ക്കരണ ക്ലാസ്സ് |
| 29 | സെന്റ് സെബാസ്റ്റ്യൻ, നീണ്ടകര | കുട്ടികളുടെ സംഗമം |
| 29 | ഹോളി ഫാമിലി, നസ്രത്ത് | ചരിത്രപഠനം |
| 29 | സെന്റ് ജോസഫ്, ചിറക്കൽ | ഫോർട്ടുകൊച്ചി ബസിലിക്ക തീർത്ഥാടനം |
| 29 | സാന്റാക്രൂസ് ബസിലിക്ക ഫോർട്ടുകൊച്ചി | ആന്തരിക വളർച്ച ധ്യാനം |





# EPOCH - MAKING EVENTS IN THE HISTORIC SEE OF COCHIN

*Prepared by **Fr. Francis Kurisinkal***

## JULY

2 (1929) - Birthday of Bishop Joseph Kureethara, the second indigenous bishop of the Diocese

2 (1992) - Foundation stone laid for Mater Grazie Convent, Edacochin

2 (1990) - Blessing and inauguration of Holy Mary's College, Kumbalam

5 (1980) - The Decree of the erection of Lux Mundi, Diocesan Institute for Religious studies was signed

5 (1988) - Blessing of the Crespi Hospital, Perumbalam

5 (1988) - Blessing of St. Antony's Convent, Perumbalam

5 (1988) - Blessing of the Parochial House, Perumbalam

12 (1993) - Inaugurated Santa Cruz Women's College at Thoppumpady

15 (1991) - Blessing of Divyakarunya Day Care Centre at Thoppumpady

16 (1980) - Regular classes started at Lux Mundi

16 (1981) - Blessing and inauguration St. Aloysius Convent, Chirackal

18 (1950) - An Accordo (Agreement) by which the four hundred years old Padroado privilege was duly suppressed by the Holy See. Art 1 of the Agreement states that the Portuguese Government renounces the privilege of the presentation conferred upon the President of the

Portuguese Republic for the See of Cochin. Art 2 states that Portuguese government considers the Holy See free from the obligation of consulting the President of the Portuguese Republic and of appointing bishops of Portuguese nationality to the See of Cochin.

18 (1977) - Blessing and inauguration of Santa Cruz College, Fortcochin

19 (1986) - Foundation stone laid for the new church of St. Antony, Eravely

20 (1997) - Blessing of St. Joseph's Seminary at Ballard Bungalow, Fortcochin

22 (1993) - Foundation stone laid for St Jacob's chapel, Arookkutty

26 (1991) - Blessing of St Anne's convent at Thoppumpady

27 (1986) - Blessing of the Diocesan Catechetical Office at Fortcochin

28 (1962) - The solemn blessing of the Mount Carmel Petit Seminary, Fortcochin by the Apostolic Pro nuncio of India Most Rev. James Robert Knox.

28 (1993) - Blessing of the new building at Philip Neri Convent, Santhome ✤





# BIBLE APOSTOLATE
## DIOCESE OF COCHIN

സ്നേഹമുള്ള മോൺ./അച്ചാ/സിസ്റ്റർ,

ബൈബിൾ അപ്പോസ്തലേറ്റിന് നല്കുന്ന സഹകരണങ്ങൾക്ക് ഒത്തിരി നന്ദി.

## ലോഗോസ് ക്വിസ് 2007

വിഷയം: **വി. യോഹന്നാൻ എഴുതിയ സുവിശേഷവും 1, 2 തിമോത്തിയോസിന് എഴുതിയ ലേഖനങ്ങളും**

തീയതി 2007 ഒക്ടോബർ 14 സമയം: 2 p.m. - 3.30 p.m.

പ്രായവിഭാഗം (5 [illegible])

| | | |
|---|---|---|
| എ | വിഭാഗം | 01-01-1996 ന് ശേഷം ജനിച്ചവർ |
| ബി | വിഭാഗം | 01-01-1991 നും 31-12-1995 നും ഇടയ്ക്ക് ജനിച്ചവർ |
| സി | വിഭാഗം | 01-01-1976 നും 31-12-1990 നും ഇടയ്ക്ക് ജനിച്ചവർ |
| ഡി | വിഭാഗം | 01-01-1956 നും 31-12-1975 നും ഇടയ്ക്ക് ജനിച്ചവർ |
| ഇ | വിഭാഗം | 31-12-1955 ന് മുമ്പ് ജനിച്ചവർ |

**സമ്മാനങ്ങൾ**

**രൂപതാതല വിജയികൾക്ക്**

1-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും

80%-ൽ കൂടുതൽ മാർക്ക് വാങ്ങുന്ന എല്ലാവർക്കും ക്യാഷ് സർട്ടിഫിക്കറ്റും നല്കുന്നതായിരിക്കും.

25 ന്റെ ഓരോ ഗുണിതത്തിനും ഒരു സമ്മാനം എന്ന അനുപാതത്തിൽ.

60%-ൽ കൂടുതൽ മാർക്ക് വാങ്ങുന്ന എ വിഭാഗത്തിലുള്ളവർക്കും ബി, സി, ഡി, ഇ വിഭാഗത്തിലുള്ളവർക്ക് കെ സി ബി സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും.

**250 പേരിൽ കൂടുതൽ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് പ്രത്യേക ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതാണ്.**

രജിസ്ട്രേഷൻ അനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുന്നതായിരിക്കും.

രജിസ്ട്രേഷൻ നല്കേണ്ട അവസാന തീയതി 31-07-2007

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന 3 ഇടവകകൾക്ക് ക്യാഷ് അവാർഡ്**

രജിസ്ട്രേഷൻ ഫീസ് 10 രൂപ

**ഫാ. ആന്റണി കുഴിവേലിൽ**

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2006 - 2007 വാർഷിക പൊതുയോഗം

**കേ**രള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2006 - 2007ലെ വാർഷിക പൊതുയോഗം 2007 ആഗസ്റ്റ് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാലാരിവട്ടം പി.ഒ.സി.യിൽവച്ചു നടത്തപ്പെടുന്നതാണ്. കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും ചെയർമാൻ ആർച്ച്ബിഷപ്പ് ഡോ. സൂസൈ പാക്യം പൊതുയോഗം അദ്ധ്യക്ഷനായിരിക്കും. പൊതുയോഗ റിപ്പോർട്ടും വാർഷിക റിപ്പോർട്ടും ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഫാ. സൈറസ് വേലംപറമ്പിൽ അവതരിപ്പിക്കും. പി.ഒ.സി. ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറ ആശംസകൾ നേർന്ന് സംസാരിക്കും ഓഡിറ്റർ ശ്രീ. പി.സി. വർഗ്ഗീസ് വാർഷിക കണക്ക് അവതരിപ്പിക്കും. ലോഗോസ് ക്വിസിന്റെ സംസ്ഥാനതല മത്സരത്തിൽ 5 പ്രായ വിഭാഗങ്ങളിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 'ലോഗോസ് പ്രതിഭ'യ്ക്ക് 10,000 രൂപയുടെ ക്യാഷ് അവാർഡും ആ വ്യക്തിയുടെ രൂപതയ്ക്ക് എവർറോളിംഗ് ട്രോഫിയും എല്ലാ വർഷവും നൽകുന്നതിന്, പാലയ്ക്കൽ കുടുംബ യോഗം പാലയ്ക്കൽ തോമാ മല്പാൻ എൻഡോവ്മെന്റ് ഈ ജനറൽ ബോഡി യോഗത്തിൽ ഏർപ്പെടുത്തുന്നതാണ്. ഏറ്റവും കൂടുതൽ തുക സൊസൈറ്റിയിലേക്ക് മെംബർഷിപ്പായോ സംഭാവനയായോ വിശ്വാസികളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ സ്വരൂപിക്കുന്ന രൂപതയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡ് ഈ വർഷം എറണാകുളം - അങ്കമാലി അതിരൂപതയ്ക്ക് ഈ വാർഷിക പൊതുയോഗത്തിൽവച്ച് നൽകും. ഈ മീറ്റിംഗിൽ പങ്കെടുക്കാൻ ബൈബിൾ സൊസൈറ്റിയുടെ എല്ലാ അംഗങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

**റവ. ഡോ. സൈറസ് വേലംപറമ്പിൽ**

സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

പി.ഒ.സി., പാലാരിവട്ടം, കൊച്ചി - 25





# ജൂബിലി വർഷ രൂപത വാർത്തകൾ

## മതാധ്യാപകസംഗമവും മതബോധനവർഷ ഉദ്ഘാടനവും

കൊച്ചി രൂപത മതാധ്യാപകസംഗമവും മതബോധനവർഷ ഉദ്ഘാടനവും ഇടക്കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ ജൂൺ 3-ാം തിയതി നടന്നു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. മാർട്ടിൻ മട്ടമ്മലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപത ചാൻസലർ റവ. ഫാ. ഫ്രാൻസിസ് കുരിശിങ്കൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് മതബോധന കലണ്ടറിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. മതാധ്യാപകർക്കായി പാലാരിവട്ടം പി.ഒ.സി. ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ആലത്തറ ക്ലാസെടുത്തു. തുടർന്ന് സമൂഹദിവ്യബലിയും ഉണ്ടായിരുന്നു. ആയിരത്തോളം മതാധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.

## മെത്രാഭിഷേക വാർഷികം നടത്തി

അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിന്റെ മെത്രാഭിഷേക വാർഷികം ജൂൺ 25ന് ആഘോഷിച്ചു. മെത്രാസനമന്ദിരത്തിലെ കപ്പേളയിൽ രാവിലെ 11ന് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. ഫാ. ഗ്രിംബാൾഡ് വചനപ്രഘോഷണം നടത്തി. തുടർന്ന് നടന്ന അനുമോദനയോഗത്തിൽ റവ. ഫാ. ആന്റണി കൊച്ചുകരിയിൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്നുകൊണ്ട് റവ. ഫാ. അഗസ്റ്റിൻ സോബിൻ തയ്യിൽ, അഡ്വ. ജോസി സേവ്യർ എന്നിവർ സംസാരിച്ചു. അഭിവന്ദ്യ പിതാവിന്റെ മറുപടി പ്രസംഗത്തിനുശേഷം ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമംഗളം പര്യവസാനിച്ചു. ✤

# BISHOP'S ENGAGEMENTS IN JULY - 2007

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Sun | 02.30 p.m.<br>03.00 p.m.<br>04.00 p.m. | APC<br>APC<br>Palluruthy | Bible convention inauguration - Diploma distribution<br>Madyavirudha Convention<br>75th B.D. of Msgr. Mathew Valiyaparambil - Public meeting inauguration - handing of Key for the house for the poor at St. Thomas More |
| 02 Mon | 09.00 a.m.<br>03.00 p.m. | Bishop's House<br>Bishop's House | Meeting People<br>Coordination Committee |
| 03 Tue | <br>03.00 p.m. | Aluva<br>Ernakulam | Class at Carmelgiri<br>Reception for Ignatius Gonzalves as Chief Editor of Jeevanaadam |
| 04 Wed | | | Monthly Recollection - Forane |
| 05 Thurs | 09.00 a.m. | Bishop's House | Meeting People |
| 06 Fri | 09.00 a.m. | Bishop's House | Office Work |
| 07 Sat | 04.00 p.m. | Ernakulam | Jeevanaadam Board Meeting |
| 08 Sun | 03.00 p.m.<br>03.30 p.m. | Mattancherry<br>Chullikal | Message to Youth at Church<br>Confirmation |
| 09 Mon | 09.00 a.m.<br>03.30 p.m. | Bishop's House<br>N. Kumbalanghy | Meeting People<br>First Profession of Novices of Divine Providence at St. Joseph's |
| 10 Tue | | Aluva | Class at Carmelgiri |
| 11 Wed | 10.00 a.m.<br>03.00 p.m. | Bishop's House<br>Bishop's House | Consultors Meet<br>Presbyterial Council |
| 12 Thurs | 09.00 a.m. | Bishop's House | Meeting People |





| | | | |
|---|---|---|---|
| 13 Fri | 09.00 a.m. | Bishop's House | Office Work |
| 14 Sat | 03.00 p.m.<br>06.00 p.m. | Nazareth<br>Ernakulam | Confirmation<br>Jeevanaadam Board Meeting |
| 15 Sun | 11.00 a.m. | Fort Cochin | Marriage Blessing at Santa Cruz Cathedral |
| 16 Mon | 07.15 a.m.<br>09.00 a.m.<br>03.30 p.m. | Mattancherry<br>Bishop's House<br>Bishop's Chapel | Feast Mass at Convent<br>Meeting People<br>Mass - Mount Carmel Petit Seminary |
| 17 Tue | | Aluva | Class at Carmelgiri |
| 18 Wed | 03.00 p.m. | Bishop's House | Ten Year Plan |
| 19 Thurs | 09.00 a.m. | Bishop's House | Meeting People |
| 20 Fri | <br>09.00 a.m. | <br>Bishop's House | Jubilee Youth Meet<br>Office Work |
| 21 Sat | <br>04.00 p.m. | <br>Ernakulam | Youth Meet<br>Jeevanaadam Board Meet |
| 22 Sun | <br>04.00 p.m.<br>06.30 p.m. | <br>Vayalar<br>Bishop's House | Youth Meet<br>Confirmation<br>Labour Commission Meet-present 3 Bishops-Directors meet |
| 23 Mon | 10.00 a.m. | Bishop's House | KCBC Labour Commission Meet |
| 24 Tue | | Aluva | Class at Carmelgiri |
| 26 Thurs | 09.00 a.m. | Bishop's House | Meeting People |
| 27 Fri | 09.00 a.m. | Bishop's House | Office Work |
| 28 Sat | 09.30 a.m.<br>04.00 p.m. | <br>Ernakulam | Adalath - Jubilee Year<br>Jeevanaadam Board Meeting |
| 30 Mon | 09.00 a.m. | Bishop's House | Meeting People |
| 31 Tue | | Aluva | Class at Carmelgiri |